# മകരന്ദം



## സെന്റ് തെരേസാസ്

## സി.ജി.എച്ച്.എസ്.എസ്

### എറണാകുളം

**"ലിറ്റിൽ കൈറ്റ്സ് 2018-19"**

# പ്രിയ വിദ്യാലയം......


ST. TERESA'S CONVENT GIRLS'
HIGHER SECONDARY SCHOOL
ERNAKULAM

# "ലിറ്റിൽ കൈറ്റ്സ് 2018-19"



# പത്രാധിപസമിതി




- ലില്ലി പി. ജെ (ചീഫ് എഡിറ്റർ)
- ഡോ. രജനി കെ പി (സ്റ്റാഫ് എഡിറ്റർ)
- ചിഞ്ചു സേവ്യർ (സ്റ്റാഫ് എഡിറ്റർ)
- ദിയ മോൾ എം. ആർ (സ്റ്റുഡന്റ് എഡിറ്റർ)
- എയ്ഞ്ചൽ ടീന ഡിസിൽവ
- അതുല്യ പി. എസ്
- അവന്തിക ജോൺ
- ഐശ്വര്യ ജോസഫ്
- വർഷ രാജേഷ്
- കൃഷ്ണ ടി. എസ്
- സ്റ്റിന ജോർജ്ജ്


# എഡിറ്റോറിയൽ

വനവിഭവങ്ങൾ ശേഖരിക്കാൻ കാട്ടിലേക്ക് പോയിരുന്ന

ആളുകൾ,പോയവഴി തിരിച്ചറിയാനായി വഴിയിൽ

മരച്ചില്ലകൾ ഒടിച്ചിടാറുണ്ടായിരുന്നു........അവർ

പോയതിന്




തെളിവായി.....

അതുപോലെ

ഞങ്ങളും ഈ രചനകൾ

ഇവിടെ

അവശേഷിപ്പിക്കുകയാണ്

സെന്റ് തെരേസാസിന്റെ

വിശാല വഴികളിലൂടെ

ഞങ്ങളും

കടന്നുപോയതിന്റെതെളിവായി.....

സ്കൂൾ ജീവിതത്തിന്റെ വൻ മരത്തിൽ നിന്ന്

ഈ ചില്ല ഇവിടെ ഇടുന്നു

ഞങ്ങൾക്ക്

ഇനിയും തളിർക്കാൻ

പൂത്തുവിടരാൻ...



ലിറ്റിൽ കൈറ്റിന്റെ ആദ്യ യൂണിറ്റ്
അഭിനന്ദനാർഹമായ നിലയിൽ തന്നെ
പ്രവർത്തിക്കുന്നു എന്നത് ആഹ്ലാദകരമാണ്.
അനിമേഷൻ, പ്രോഗ്രാമിങ്ങ്, വാർത്താ നിർമാണം
തുടങ്ങി വിവിധ മേഖലകളിൽ നമ്മുടെ
വിദ്യാർത്ഥിനികൾ പ്രാവീണ്യം നേടുന്നത്
അഭിമാനത്തോടെ നോക്കിക്കാണുന്നു. ലിറ്റിൽ കൈറ്റ്
പുറത്തിറക്കുന്ന ആദ്യ ഡിജിറ്റൽ മാഗസിന്
എല്ലാവിധ ആശംസകളും.

സ്നേഹത്തോടെ,
ലില്ലി പി.ജെ (സിസ്റ്റർ മാർജി)
(ഹെഡ്മിസ്ട്രസ്സ്)



ലിറ്റിൽ കൈറ്റ് ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും.

നിറഞ്ഞസ്നേഹത്തോടെ,

ഗ്രേസ് സി.ജെ

(ഡെപ്യൂട്ടി എച്ച്.എം)



ശ്രീമതി. ആലീസ് മാർഗ്രറ്റ്



ശ്രീമതി. സ്റ്റെല്ല ഹൈസന്ത്

## ഈ വർഷം വിരമിക്കുന്ന ഞങ്ങളുടെ പ്രിയ അധ്യാപകർക്ക് പ്രണാമം....

# താളുകൾ മറിയുമ്പോൾ

## Table of Contents


സൗഹൃദം....12
നാറാണത്തു ഭ്രാന്തൻ....13
ഓർക്കുമ്പോൾ തെളിയുന്ന നന്മ – എന്റെ അമ്മ....14
കൂട്ടുകാരൻ....17
മണ്ണാങ്കട്ടയും കരിയിലയും....18
തിരിച്ചറിവ്....25
കടംകഥകൾ....27
പ്രകൃതിയും മനുഷ്യനും....29
അമ്മ....31
കാടിനെ....32
തൊട്ടറിഞ്ഞപ്പോൾ....32
അമ്മ എന്ന ശക്തി....34
കുടുക്ക....35
മതിലുകൾ....36
വിദ്യാഭ്യാസത്തിൽ വാർത്താമാധ്യമങ്ങൾക്കുള്ള പങ്ക്....37
ചന്ദ്രനിലെ ഭീകരൻ....38
അഗ്നിച്ചിറകുകൾ....39
വൃക്ഷ സ്നേഹികൾ....40
മാതൃത്വം....42
ശാസ്ത്രപുരോഗതി....43
തെങ്ങ് നിവർന്ന കഥ....44
പഴമയുടെ....45
പഴഞ്ചൊല്ലുകൾ....45
ദിക്കറിയാതെ....47
ആവിഷ്കരണ ശൈലി സാഹിത്യത്തിൽ....48
ആവിഷ്കരണ ശൈലി സാഹിത്യത്തിൽ....48
നിശാ ഗന്ധവേളയിലൂടെ....49
ഒരു സായാഹ്നം....49
പൊയ്മുഖമണിഞ്ഞവർ....51
ഉണരാതെയിരുന്നെങ്കിൽ....54
കാടു കയറുന്ന മനുഷ്യർ....55
ചിലത്....58
ഗുരുവന്ദനം....59

ജലസംഭരണികൾ........................................................................................................60
നേർകാഴ്ച..............................................................................................................61
നന്മയുടെ കടലാസുകൾ..........................................................................................62
ജീവിതരാഗം............................................................................................................63
ദൈവ സന്ദേശം........................................................................................................64
വാദമുഖം................................................................................................................65
സുഗതകുമാരി..........................................................................................................66
നമ്മുടെ ഉത്സവങ്ങൾ................................................................................................67
പഠിച്ചുയരാൻ..........................................................................................................68
വായനാശീലം കുട്ടികളിൽ........................................................................................69
വീട്........................................................................................................................74
പണക്കൊതി ആപത്ത്..............................................................................................75
വാക്ക്......................................................................................................................79
തെങ്ങിൻ തോപ്പിലെ നിധി........................................................................................80
കളിവണ്ടി................................................................................................................81
മായം! മായം!..........................................................................................................83
കളരികൾ................................................................................................................84
വഴിമാറുന്ന മലയാള ഭാഷ........................................................................................85
മഴ..........................................................................................................................87
മാതൃഭാഷ................................................................................................................88
തെരുവിൽ എറിയപ്പെടുന്ന........................................................................................89
ജീവിതങ്ങൾ............................................................................................................89
എം. ടി വാസുദേവൻ നായർ......................................................................................90
എന്റെ നാട്..............................................................................................................91
സ്നേഹം..................................................................................................................92
73 കേരളത്തിൽ മായം..............................................................................................93
ചേർക്കൽ വ്യാപകം..................................................................................................93
പുഞ്ച കൊയ്ത്തേ....................................................................................................95
കളം നിറഞ്ഞേ........................................................................................................95
കേരളീയകലകൾ......................................................................................................96
സൗന്ദര്യമത്സരം......................................................................................................100
തോരാമഴ................................................................................................................101
നിലാവ്....................................................................................................................105
പേപ്പട്ടികളുടെ നാട്..................................................................................................106
മിഴിനീർ..................................................................................................................108

# സൗഹൃദം

അന്നാദ്യമായി അമ്മതൻ മാറിൽ നിന്ന്
പിരിഞ്ഞ ഞാൻ ഒറ്റയ്ക്കിരിക്കും നാളിൽ
എൻ ചാരെ നീ വന്നണഞ്ഞു.
ഒന്നു പുഞ്ചിരിച്ചു, പിന്നീട് നമ്മൾ
ഒന്നിച്ചു കൂട്ടുകാരായി എന്നോട്
എൻ മനസ്സു മന്ത്രിച്ചു
“സൗഹൃദമാണഖിലസാരവും
അവളാണനുഭവത്തിൻ താക്കോൽ”

ശൈത്യത്തിൻ മഞ്ഞിൻ നിന്നോ
അതോ വേനലിൻ ചൂടിൽ നിന്നോ
എവിടെ നിന്നോ വന്നു നീ
എവിടേയ്ക്കോ പോയി നീ
അന്ന് നീ എന്നിൽ നിന്ന് ഏറെ
അകലെയാണെങ്കിലും മനസ്സുകൊണ്ട്
നാം ഒന്ന്, ഒരിക്കലും പിരിയില്ല നമ്മൾ.

**അലീന റോസ്**
**സ്റ്റാന്റ്ഡേർഡ് 10**

# നാറാണത്തു ഭ്രാന്തൻ

(ആസ്വാദനക്കുറിപ്പ്)

"പന്ത്രണ്ടുമക്കളെ പെറ്റൊരമ്മേ
നിന്റെ മക്കളിൽ ഞാനാണ് ഭ്രാന്തൻ"

മലയാളഭാഷ സംസാരിക്കുന്നവരെല്ലാം ലോകത്തിന്റെ ഏതു കോണിൽ ജീവിക്കുന്നവരായാലും ഒരിക്കലെങ്കിലും ഈ വരികൾ മൂളിയിട്ടുണ്ടാകും. തത്ത്വജ്ഞാനിയായ ഒരാളെ ഭ്രാന്തനെന്ന് വിളിക്കുന്ന ലോകം! പക്ഷേ സത്യത്തെ ഭജിക്കുന്നവനാരോ അവനാണ് ഭ്രാന്തൻ എന്ന് കവി ഉറക്കെപ്പറയുന്നു. സുഖജീവിതത്തോട് തനിക്ക് താത്പര്യമില്ലെന്നും മറിച്ച് തന്റെ ഭ്രാന്തൻ ചെയ്തികളിൽ നിന്ന് എന്തെങ്കിലും ഒരാദർശം ലോകത്തിന് കിട്ടിയാൽ മതിയെന്നും കരുതുന്ന ഒരസാമാന്യ പ്രതിഭാസത്തെയാണ് കവി വരച്ചുകാണിക്കുന്നത്.

ഓരോശിശുരോദനത്തിലും ഒരുകോടി ഈശ്വരവിലാപം കേൾക്കുന്ന സത്യാന്വേഷികളെ നാം ഭ്രാന്തരെന്ന് വിളിക്കുന്നു. ഈ വരികൾ ആസ്വാദകന്റെ ഹൃദയത്തിൽ ആഴ്ന്നിറങ്ങുന്നതാണ്.



ആൻസിറ്റ ആന്റണി
സ്റ്റാന്റേർഡ് 10

# ഓർക്കുമ്പോൾ തെളിയുന്ന നന്മ – എന്റെ അമ്മ



പുഞ്ചിരിക്കുന്ന മുഖം.... ഏറെ കരുത്തുള്ള മനസ്സ്.... ദൃഢമായ തീരുമാനങ്ങൾ.... എന്തിലും അടിയുറച്ച വിശ്വാസം.... അളവില്ലാത്ത വാത്സല്യം.... അമ്മയുടെ തീരുമാനങ്ങളെ വെറുക്കണമെന്ന് ആയിരം വട്ടം മനസ്സ് മന്ത്രിച്ചപ്പോഴും; ആ ദിവ്യമായ സ്നേഹത്തിനു മുന്നിൽ എന്നും പരാജയപ്പെട്ടിട്ടേയുള്ളൂ.

സുഹൃത്തുക്കൾ പലവഴി പോയിട്ടും, എന്നെയും അമ്മയേയും തമ്മിൽ ബന്ധിപ്പിക്കുന്ന സ്നേഹത്തിന്റെ ചരടുഭേദിച്ച് പോകാൻ എനിക്ക് സാധിച്ചില്ല.

കുത്തിക്കീറുന്തോറും സ്നേഹം ഊറി വരുന്ന എന്റെ അമ്മയാണ്,

## എന്റെ വികാരം, എന്റെ ധൈര്യം.

**അഥീന എം. എസ്**
**സ്റ്റാന്റേർഡ് 10**



# കൂട്ടുകാരൻ

(കവിത)

കൂട്ടുകൂടാനായെന്റെ
കൂട്ടു തേടിയണഞ്ഞൊരു
കുഞ്ഞാറ്റ കിളി.....
കാറ്റിനോട് കഥമെനഞ്ഞും
കടലിനോടും കളിപറഞ്ഞും
കാടായ കാടെല്ലാം
മേടായ മേടെല്ലാം
കണ്ണാരം പൊത്തി കളിച്ചും
കണ്ണിൽ കണ്ണിൽ കണ്ണാടി നോക്കി
കൊക്കുരുമ്മി ചിറകൊരുമ്മി
കിലുകിലെ കൊഞ്ചി ചിരിച്ചും
കിളികുട്ടിലെന്നെ കുളിരറിയിക്കാതെ
കവിൾ ചേർത്തുറക്കിയും
കനിവിന്റെ കനിവാമെന്റെ
കരളിന്റെ കരളായ.......
കളിക്കൂട്ടുക്കാരൻ.....

ജോസ്ന എ. ജെ
സ്റ്റാന്റ്ഡേർഡ് 10

# മണ്ണാങ്കട്ടയും കരിയിലയും

(കവിത)

## ഭാഗം - 1

മണ്ണാങ്കട്ടയും കരിയിലയും
വ്യക്തികൾ
ഒരിക്കലും ഒന്നിക്കില്ലന്നറിഞ്ഞിട്ടും
യാത്രപോയവർ

ഏറെ വൈകാതെ
മഴ അറിഞ്ഞു
ഒപ്പം കാറ്റും

കരിയില പറന്നകന്നു
അറിയാത്ത ആരിലേക്കോ
മണ്ണാങ്കട്ട തേഞ്ഞ് തീർന്നു

മഴയും കാറ്റും
സംതൃപ്തർ

## ഭാഗം - 2

മണ്ണാങ്കട്ടയും
കരിയിലയും യാത്രപോകുന്നു

മുത്തശ്ശി ചിരിക്കുന്നു
കഥയറിയാതെ
അവർ പോകുന്നത്

കാലാവസ്ഥയെ മൂക്കുകയറിട്ട്
കാറിൽ സുഖമായ്

സീറ്റ് ബൽറ്റിന്റെ
ഔദാര്യം വലിച്ചെറിഞ്ഞ
കരിയില കാറി-
ലാകെ പാറി നടന്നു
ഡ്രൈവിംഗ് സീറ്റിൽ
മണ്ണാങ്കട്ടക്ക്
അലിവോ അനക്കമോ ഉണ്ടായില്ല

കാശിറ്റൂട്ട്
ഡൈവർട്ട് ചെയ്-
തറവുശാലകൾ
മാത്രമുള്ള തെരുവിൽ
കാർ
വിശ്രമത്തിന്
നിർത്തിയിട്ടു


പുറത്ത്
ദൂതുപോകാൻ സന്നദ്ധ-
നായ് കാറ്റ്

കരിയില
ഡോർഗ്ലാസ് താഴ്ത്താതെ
മിഠായിക്കടലാസിലൂടെ
കുട്ടിക്കാലത്ത് കണ്ട

അതേ ആകാശം നോക്കിയിരുന്ന
ഒരു മഴക്കാറു പോലുമില്ല
കരിയിലക്ക്
കരച്ചിൽ വന്നു
മുത്തശ്ശി
അപ്പോഴും ചിരിച്ചുകൊണ്ടേയിരുന്നു



**-ഡോ. പ്രിയ. ആർ**
**(അധ്യാപിക)**



സ്റ്റിന ജോർജ്ജ്
സ്റ്റാന്റ്ഡേർഡ് 9

# തിരിച്ചറിവ്

(കഥ)

സൂര്യൻ തന്റെ പ്രഭാത കിരണങ്ങളാൽ അവറാച്ചൻ മുതലാളിയുടെ കവിളിൽ തട്ടി അദ്ദേഹത്തെ വിളിച്ചുണർത്തി. എന്നും ഏ സിയുടെ തണുപ്പിൽ സുഖമായി ഉറങ്ങാറുള്ള മുതലാളിക്ക് ഇത് പുതിയ അനുഭവമായിരുന്നു. തലേ ദിവസം വരെ വീട്ടിൽ ഏ സി മുറിയിൽ കിടന്നുറങ്ങിയ അദ്ദേഹം താനിതെവിടെയാണെന്നറിയാതെ ചുറ്റും നോക്കി. പട്ടുമെത്തയിൽ കിടന്നുറങ്ങിയ താൻ ഇപ്പോൾ ഒരു വലിയ പാറയുടെ മുകളിൽ.... തീരെ പരിചയമില്ലാത്ത സ്ഥലം. എങ്ങും വിജനത മാത്രം. പോകുമ്പോൾ താൻ പോലും അറിയാതെ ആരോ ചെയ്യിപ്പിക്കുന്നതുപോലെ അടുത്തിരുന്ന ഭാണ്ഡകെട്ടെടുത്ത് വടിയും പാത്രവും എടുത്തു കൊണ്ടാണ് അദ്ദേഹം നടന്നു നീങ്ങിയത്. താൻ എവിടെയാണെന്നറിയാനുള്ള ജിജ്ഞാസയിൽ നടന്നു നീങ്ങിയ അദ്ദേഹം എതിരെ വരുന്ന വാഹനം ശ്രദ്ധിച്ചു പോലുമില്ല. ഒരു പത്തു രൂപ നോട്ട് എടുത്ത് മുതലാളിയുടെ പാത്രത്തിൽ ഇട്ടു കൊടുത്തു. അന്തം വിട്ടു നിന്നതല്ലാതെ മുതലാളിക്ക് ഒന്നും മനസ്സിലായില്ല. കാറിൽ പോയ അയാളെ കണ്ട് നല്ല പരിചയം.

അയാൾ പറഞ്ഞു, “എടോ, ഇതാണ് ജീവിച്ചിരുന്നപ്പോൾ നാം പറഞ്ഞുകേട്ടിട്ടുള്ള സ്വർഗവും നരകവും. ജീവിച്ചിരിക്കുമ്പോൾ നാം ചെയ്യുന്ന പ്രവർത്തികൾക്ക് ദൈവം A, A+, B, B+ എന്നിങ്ങനെ

ഗ്രേയ്ഡ് നിശ്ചയിച്ചിട്ടുണ്ട്. തനിക്ക് ഏതാ ഗ്രേഡ്, D – ഓ?...”

ആരോ കരയുന്ന ശബ്ദം കേട്ടാണ് അവറാച്ചൻ മുതലാളി കണ്ണുതുറന്നത്. അദ്ദേഹം ചാടി എണീറ്റു. എല്ലാം പഴയതു പോലെ തന്നെ. ആശ്വാസത്തിന്റെ കുളിർ മഴ നനഞ്ഞ അനുഭൂതി. അദ്ദേഹം അപ്പുറത്തെ മുറിയിലെ കരഞ്ഞു കൊണ്ടുള്ള സംഭാഷണം ശ്രദ്ധിച്ചു. വേലക്കാരി ഭാര്യയോട് തന്റെ സങ്കടം പറഞ്ഞു കരയുകയാണ്. ഹോസ്പിറ്റലിൽ കഴിയുന്ന തന്റെ മകനെ രക്ഷിക്കാൻ തലേ ദിവസം പണം ആവശ്യപ്പെട്ടു വന്നപ്പോൾ അവരെ മടക്കി അയച്ചു. മുതലാളി അലമാരയിൽ നിന്ന് ഒരു കെട്ട് നോട്ടെടുത്ത് അവരുടെ അടുത്തെത്തി. ആ പണം വേലക്കാരിക്കു വച്ചു നീട്ടി. എന്തോ ലോകാത്ഭുതം കണ്ടപോലെ മിഴിച്ചു നിൽക്കുന്ന തന്റെ ഭാര്യയേയും വേലക്കാരിയേയും നോക്കി അയാൾ ഉമ്മറത്തേക്ക് നടന്നു.

ഉമ്മറത്തെ കസേരയിൽ ചാരിക്കിടന്ന് പത്രം വായിക്കുമ്പോൾ മനസ്സിന് എന്തെന്നില്ലാത്ത സന്തോഷം തോന്നി. ഇനി ഇങ്ങനെയൊരു ലോകം ഉണ്ടോ?

**ഐശ്വര്യ ടി.ബി**
**സ്റ്റാന്റേർഡ് 9**

# കടംകഥകൾ

- എഴുത്തുണ്ട് പുസ്തകമല്ല; ചിത്രമുണ്ട് ചുമരല്ല; വട്ടത്തിലാണ് ചക്രമല്ല.
  നാണയം

- ഉണ്ടാക്കുന്നവനുപയോഗിപ്പില, ഉപയോഗിപ്പോനറിയുന്നില്ല.
  ശവപ്പെട്ടി

- ഡോക്ടർ വന്ന് രക്തമെടുത്ത് മൂളിപ്പാട്ടും പാടി പോയി.
  കൊതുക്


- മരത്തിലുണ്ട് വരത്തിലില്ല, പുഴുവിലുണ്ട് പ്രാണിയിലില്ല, എന്നെ കണ്ടാൽ മരങ്ങൾ പേടിക്കും
  മഴു

- തൊപ്പിക്കാരൻ ചന്തയ്ക്ക് പോയി.
  അടക്ക



- തൂക്കാത്ത മുറ്റവും വറ്റാത്ത കിണറും
  കടൽത്തീരം


നന്ദന എസ്
സ്റ്റാന്റേർഡ് 9



കൃഷ്ണ ടി.എസ്
സ്റ്റാന്റ്ഡേർഡ് 9

# പ്രകൃതിയും മനുഷ്യനും

(ഉപന്യാസം)



പ്രകൃതി എന്നത് ഒരു വികാരമാണ്. പ്രകൃതി എന്ന് ഓർക്കുമ്പോൾ നമ്മുടെ ഓരോരുത്തരുടേയും മനസ്സിലേക്ക് ആദ്യമായി ഓടിയെത്തുന്നത്.... സൂര്യനെ ഉടയാടയാക്കി, പച്ചപരവതാനി അണിഞ്ഞ ഒരു പെൺകുട്ടി. അവൾ ലോകത്തിനെ സൗന്ദര്യത്തിന്റെ കൊട്ടുമുടിയിൽ എത്തിക്കുന്നു. എന്നെ സംബന്ധിച്ചിടത്തോളം പ്രകൃതി സന്തോഷത്തിന്റെ, പ്രതീക്ഷയുടെ, സമാധാനത്തിന്റെ, സ്നേഹത്തിന്റെ വികാരമാണ്. അണ്ണാറക്കണ്ണന്റെ ചിൽ.... ചിൽ ശബ്ദവും, കുയിലിന്റെ നാദവും, കാറ്റിന്റെ ഈണവും, പുഴയുടെ ഓളവുമെല്ലാം പ്രകൃതിയിലേക്ക് നമ്മെ അടുപ്പിക്കുന്നു. നാം എന്താണെന്നറിയാൻ പ്രകൃതി എന്ന കണ്ണാടിയിലേക്ക് ഒന്ന് നോക്കുന്നത് നന്നായിരിക്കും. "ഹരിതം" എന്ന സച്ചിദാനന്ദന്റെ കൃതിയിൽ പ്രകൃതിയെപ്പറ്റി വിവരിക്കുന്നുണ്ട്.

"ഒരു ഞരമ്പിപ്പോഴും പച്ചയായുണ്ടെന്ന്
ഒരിലതന്റെ ചില്ലയോടോതി"

ഈ കവിതയിലെ ആദ്യത്തെ വരിതന്നെ പ്രകൃതിയിലേക്ക് ആകർഷിക്കുന്നു. "ഹരിതമോഹനം"

എന്ന സുസ്മേഷ് ചന്ദ്രോത്തിന്റെ കൃതിയും നമ്മെ

പ്രകൃതിയിലേക്ക് അലിഞ്ഞുചേരാൻ ആഹ്വാനം ചെയ്യുന്നു. പ്രകൃതിയിലെ ഓരോ കാഴ്ചയും അത്ഭുതം നിറഞ്ഞതാണ്. പ്രതീക്ഷയുടെ ഓരോ ദിവസവും വിടരുന്നത് പ്രകൃതിയെ നോക്കിക്കൊണ്ടാണ്. പ്രകൃതിയും മനുഷ്യനും തമ്മിൽ ഒരു അഭേദ്യമായ ബന്ധം തന്നെയുണ്ട്. ഇതിന് ഉദാഹരണമാണ് "കൊച്ചുചക്കരച്ചി" എന്ന എ.പി ഉദയബാനുവിന്റെ കൃതി. എന്നാൽ ഇന്ന് മനുഷ്യൻ പ്രകൃതിയോട് ചെയ്യുന്നത് വളരെ ദാരുണമായ പ്രവർത്തികളാണ്. പുഴകളും പാടങ്ങളും നശിപ്പിക്കുകയും മരങ്ങൾ വെട്ടിമുറിക്കുകയും ചെയ്യുന്നു. ഇതു വഴി മനുഷ്യൻ സ്വന്തം വേരുകൾ തന്നെ ഇല്ലാതാക്കുന്നു. മരങ്ങളെപ്പോലെ തന്നെ മനുഷ്യന്റെ വേരുകളും മണ്ണിലാണ്. പ്രകൃതിയുടെ മഹത്വം തിരിച്ചറിയാതെ വളരുന്ന ഇന്നത്തെ തലമുറയ്ക്ക് അത് മനസ്സിലാക്കികൊടുക്കേണ്ട കടമ നമ്മുടേതാണ്.

പ്രകൃതിക്കൊരു തണലായി, ഭൂമിക്കൊരു കുടയായി മാറാൻ നമുക്ക് സാധിക്കട്ടെ. അതിനാൽ പ്രകൃതിയുടെ ഗന്ധം അറിഞ്ഞ് നമുക്ക് ജീവിക്കാം. മരങ്ങളെപ്പോലെ തന്നെ നമ്മുടെ വേരുകളും ഭൂമിയിൽ തഴച്ചുവളരട്ടെ.

ചിഞ്ചു കുര്യാക്കോസ്
സ്റ്റാന്റേർഡ് 10

# അമ്മ

യഥാർത്ഥ സ്നേഹത്തിൻ
തേൻകുടമാണവൾ
മായാത്ത മറയാത്ത
പൂർണേന്ദുവാണവൾ

തുളുമ്പുന്ന സ്നേഹകുടങ്ങളിൽ
തുളുമ്പാത്ത മൺകുടമാണവൾ
ഇലകൾ പൊഴിഞ്ഞിടും
എൻ ജീവിതയാത്രയിൽ
കൂട്ടായവൾ.....

കൊഴിയാത്ത താമരയിലയാണവൾ
തൻ രക്തത്തെ പാലാക്കി
എൻ വിശപ്പു ശമിപ്പിച്ചവൾ
അവൾ അമ്മ....!

അവന്തിക ജോൺ
സ്റ്റാന്റ്ഡേർഡ് 9

# കാടിനെ

# തൊട്ടറിഞ്ഞപ്പോൾ....

(യാത്രാവിവരണം)

ജീവിതം തിരക്കേറിയതാണ്. ഒന്നിനേയും ശ്രദ്ധിക്കാതെ താന്താങ്ങളുടെ ലക്ഷ്യങ്ങളിലേക്ക് കുതിക്കുന്നവരാണ് ഇന്ന് അധികവും. ഈ തിരക്കിൽ നിന്നെല്ലാം ഒഴിഞ്ഞ് നിന്ന് നമ്മെ സന്തോഷപ്പെടുത്താനും സാഹസികതകളിലേക്ക് നയിക്കാനും അറിവ് പകരാനും നമ്മെ സഹായിക്കുന്നത് യാത്രകളാണ്. അതൊരു സാഹസികത നിറഞ്ഞ വനയാത്രയാകുമ്പോൾ പറയേണ്ടതില്ല!

രാവിലെ 6:45 – ന് വീട്ടിൽ നിന്നിറങ്ങുമ്പോൾ ഞാൻ കരുതിയിരുന്നില്ല, 29–09–2017 വെള്ളിയാഴ്ച എന്റെ ജീവിതത്തിലെ മറക്കാനാവാത്ത ഒരു ദിനമായി മാറുമെന്ന്. വാനപ്രദേശത്തേക്കുള്ള യാത്രകൾ മടുപ്പില്ലാത്തതു കൊണ്ടാകാം ഈ ട്രിപ്പിലേക്ക് എന്റെ മനസ്സിനെ ഒരുക്കാൻ എനിക്ക് സാധിച്ചത്. അതിരമ്പിള്ളിയിലേക്ക് ഒരു യാത്ര ഏത് ആദ്യമാണ്. വാഴച്ചാലിൽ ട്രക്കിങ്ങെന്നു പറഞ്ഞപ്പോൾ 'ജീപ്പിലായിരിക്കും കാട്ടുചുറ്റുന്നതു' എന്ന എന്റെ മനസ്സിലെ ചിന്തയെ പൊളിച്ചെഴുതുന്നതായിരുന്നു ഈ യാത്ര.

സെന്റ്. ആൽബർട്സ് എന്ന് പേരുള്ള ഒരു മഞ്ഞ വണ്ടിയിൽ, രാവിലെ 7 മണിക്ക് പള്ളിയിൽ നിന്ന് ഞങ്ങൾ യാത്രയായി. 11:30 മണിയോടെ ഞങ്ങൾ വാഴച്ചാലെത്തി. ഞങ്ങളെ നയിക്കാൻ പോകുന്ന ഗൈഡിനെ ഞാനൊഴിച്ച് എന്റെ കൂടെ വന്ന ഭൂരിഭാഗം പേരും കണ്ടിരുന്നു. മണ്ണിനോട് ചേർന്ന്, പ്രകൃതിക്കുവേണ്ടി, കാടിനുവേണ്ടി, ജീവിക്കുന്ന കാടിന്റെ മകൻ 'ബൈജു'. നീണ്ട താടി, കഴുത്തിൽ പല ആകൃതിയിലുള്ള മനോഹരമായ മാലകൾ, കൈയിൽ ഒരു ചുവന്ന രത്നം പിടിപ്പിച്ച മോതിരം, ഇതെല്ലാമായിരുന്നു ബൈജു ചേട്ടന്റെ വേഷം. റോഡിന്റെ

ഒരു വശത്തുകൂടെ ഞങ്ങൾ നടന്നു. അതൊരു പുഴയോര കാടായിരുന്നു. ചെറിയൊരു വഴി; വഴിയെന്ന് പറയാൻ പറ്റില്ല; ചുറ്റും ഇലകൾ, ചെടികൾ, മരങ്ങൾ. ഓരോരുത്തരുടെയും കാലിൽ അട്ട കയറാൻ തുടങ്ങി. കാടിന്റെ ഭീകരതയും തൊട്ടടുത്തുകൂടെ ഒഴുകുന്ന പുഴയും എന്നെ വിഴുങ്ങുന്നതായി തോന്നി. പെട്ടെന്ന് ആ കാഴ്ച ഞാൻ കണ്ടു! അത്രയും നേരം ഉണ്ടായിരുന്ന എന്റെ അട്ട പേടി മാറ്റിയ ആ കാഴ്ച.... അതൊരു പാമ്പായിരുന്നു. രണ്ടു വാക്കിൽ അവസാനിപ്പിക്കാൻ സാധിക്കുമെങ്കിലും അപ്പോൾ ഞാൻ അനുഭവിച്ച ഭയം സഹിക്കാവുന്നതിലും അപ്പുറമായിരുന്നു.

ഉങ്ങ്, തേമ്പാവ്, ദന്തപാല തുടങ്ങിയ വിവിധ ഇനം മരങ്ങളെ ഞങ്ങൾ പരിചയപ്പെട്ടു. അവസാനം അരുവിയിലൊരു കുളി! പാറകളുടെയും മരങ്ങളുടെയും ഇടയിലൂടെ ചിന്നിച്ചിതറി വരുന്ന ആ തണുത്ത വെള്ളത്തിൽ കുളിച്ചപ്പോൾ എന്റെ എല്ലാ ക്ഷീണവും മാറുന്നതുപോലെ തോന്നി.

അലീന മോണിക്ക ജോർജ്ജ്
സ്റ്റാന്റ്ഡേർഡ് 9

# അമ്മ എന്ന ശക്തി

(ലേഖനം)


നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യമെന്ന് പറയുന്നത് അമ്മയുടെ വാത്സല്യവും കരുതലും സ്നേഹവും ആവോളം ലഭിക്കുക എന്നതാണ്. അമ്മയുടെ സ്നേഹം എന്ന് പറയുന്നത് നമ്മുടെ ജീവിതത്തിൽ മറക്കാനാകാത്ത ഒരനുഭൂതിയാണ്. സ്വന്തം മക്കൾക്കായി എല്ലാം ദാനം ചെയ്ത് അമ്മ സ്വയം ഇല്ലാതാകുന്നു. ആ സ്നേഹത്തിന് പകരം വെയ്ക്കാൻ ഒന്നും ഇല്ല.

എല്ലാ വ്യക്തിയുടെയും വിജയത്തിന് പിന്നിൽ ഒരു സ്ത്രീയുടെ പ്രചോദനവും പ്രാർത്ഥനയും പ്രോത്സാഹനവുമുണ്ടാകും. ഉദരത്തിൽ ഉരുവാകുന്നത് മുതൽ തന്റെ സ്വന്തം സന്തോഷം മറന്നു കൊണ്ട് മക്കൾക്കായിട്ടുള്ള ജീവിതം അമ്മ ആരംഭിക്കുന്നു. നാം പിച്ചവെച്ചു നടക്കുന്നത് മുതൽ പറക്കമുറ്റമെത്തുന്നതുവരെ അവർ നമ്മുടെ കൂടെ നിലകൊള്ളുന്നു. 'അമ്മ' എന്ന വ്യക്തിയേക്കാൾ അധികമായി ഈ ഭൂമിയിൽ നമ്മെ കരുതാൻ ആരും തന്നെ ഇല്ല. 'അമ്മ' എന്നത് എല്ലാവർക്കും ഒരു ശക്തിയാണ്.

**എൽസ ഏഞ്ചൽ റോസ്**
**സ്റ്റാന്റേർഡ് 10**

# കുടുക്ക

(കഥ)



വിശന്നുവലഞ്ഞ ഒരമ്മൂമ്മ പല വീടുകളിലും പോയി ആഹാരം ചോദിച്ചു. ആരും ഒന്നും കൊടുത്തില്ല. സന്ധ്യയാകാറായപ്പോൾ ഒരു പാവപ്പെട്ട കൃഷിക്കാരന്റെ വീട്ടിൽ ചെന്നു ചേർന്നു.

"വിശക്കുന്നു. എനിക്കെന്തെങ്കിലും തരണേ" അമ്മൂമ്മ അപേക്ഷിച്ചു. കൃഷിക്കാരൻ അമ്മൂമ്മയെ വീട്ടിൽ വിളിച്ചു ഇരുത്തി. കൃഷിക്കാരന്റെ അത്താഴത്തിനായി വെച്ചിരുന്ന ഭക്ഷണം അമ്മൂമ്മയ്ക്ക് നൽകി. അമ്മൂമ്മ ആഹാരം കഴിച്ച് തൃപ്തയായി സുഖമായൊന്ന് ഉറങ്ങി. പോകാനൊരുങ്ങിയപ്പോൾ അമ്മൂമ്മ കൃഷിക്കാരനെ വിളിച്ച് ഒരു കുടുക്ക കൈയിൽ കൊടുത്തിട്ട് പറഞ്ഞു.

"ഇന്നലെ സന്ധ്യവരെ ഈ ഗ്രാമത്തിൽ ഞാൻ യാചിച്ചു നടന്നു. ആരും ഒന്നും തന്നില്ല. നീ മാത്രമാണ് എന്നോട് ദയ കാണിച്ച് ആഹാരം തന്നത്. അതുകൊണ്ട് നിനക്കു ഞാനൊരു സമ്മാനം തരാം. ഇതൊരു കുടുക്കയാണ്. ഇതിനെ കൈയിലെടുത്തിട്ട് 'എടു കുടുക്കേ' എന്ന് പറഞ്ഞിട്ട് എന്താവശ്യപ്പെട്ടാലും കുടുക്ക തരും. ആവശ്യത്തിനുള്ളത് കഴിഞ്ഞാൽ 'ഓം ഹ്രീം മതി കുടുക്കേ' എന്ന് പറഞ്ഞാൽ മതി."

അങ്ങനെ അയാൾ നാട്ടിലെ അറിയപ്പെടുന്ന ധനികനായി മാറി. എല്ലാവർക്കും നന്മ ചെയ്യാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്തു.

**അനീറ്റ മരിയ**
**സ്റ്റാന്റേർഡ് 10**

# മതിലുകൾ

**(വൈക്കം മുഹമ്മദ് ബഷീർ)**

'മതിലുകളിൽ' കഥാകൃത്തിന്റെ ജയിൽവാസം വർണനാവിഷയമാകുന്നു. എന്നാൽ ആ കഥ പോലീസ് മർദ്ദനങ്ങളെകുറിച്ചോ രാഷ്ട്രീയ തടവുകാർക്ക് അനുഭവിക്കേണ്ടിവന്ന ദുരിതങ്ങളെകുറിച്ചോ അല്ല.

"ആരും എന്നെ തല്ലിയില്ല" അദ്ദേഹം എഴുതുന്നു. 'ലോക്കപ്പിൽ കിടന്ന് ഞാൻ കുറെ പോലീസ് കഥകളെഴുതി. കടലാസും പോലീസ് ഏമാൻ തന്നതാ.....' അതുപോലെ തന്നെ ജയിലിനുള്ളിലെ അന്തരീക്ഷവും അത്ര കടോരമായിരുന്നില്ല. ഭക്ഷണത്തിന് കോഴിമുട്ടയുണ്ട്. ചായ കുടിക്കാം, ബീഡി വലിക്കാം, വായിക്കാം. അവിടെ വച്ച് ബഷീർ ബ്രിഡ്ജ് കളിയ്ക്കാൻ കൂടി പഠിച്ചുവത്രേ. പക്ഷെ മതിലുകളും വാതിലുകളും ഉണ്ടായിരുന്നു. എവിടെ നോക്കിയാലും വാർഡർമാരും. ജയിലറുമായും, ജയിൽ സൂപ്രണ്ടുമായും ബഷീർ രമ്യതയിൽ കഴിഞ്ഞു. ജയിൽ വളപ്പിൽ പനിനീർച്ചെടികൾ നട്ടുപിടിപ്പിച്ച് ഒരു പൂന്തോട്ടവും അദ്ദേഹം ഉണ്ടാക്കിക്കളഞ്ഞു. പക്ഷെ ഇതെല്ലം ഒരു പ്രേമകഥയുടെ പശ്ചാത്തലവിവരങ്ങളാണെന്ന് ഓർക്കണം.

ബഷീർ എഴുതിയ പ്രേമകഥകളിൽ വച്ച് ഏറ്റവും അസാധാരണമായ ഒരു കഥ തന്നെയാണ് 'മതിലുകൾ'. ഞാൻ വായിച്ച പുസ്തകങ്ങളിൽ എനിക്ക് ഏറ്റവും ആസ്വാദ്യകരമായി തോന്നിയത് ബഷീറിന്റെ മതിലുകൾ തന്നെയാണ്.

**മീര ജെ.എസ്**
**സ്റ്റാന്റ്ഡേർഡ് 10**

# വിദ്യാഭ്യാസത്തിൽ വാർത്താമാധ്യമങ്ങൾക്കുള്ള പങ്ക്

(ഉപന്യാസം)

പഠനം എന്നത് കേവലം ഉരുവിട്ടു പഠിക്കൽ അല്ല; വിദ്യാർഥി വിജ്ഞാനം ക്രമമായി സ്വീകരിക്കുന്നതിലൂടെയാണ് പഠനം പുരോഗമിക്കുന്നത്. പഠനം നടക്കുമ്പോൾ വിദ്യാർഥി ലഭ്യമായ എല്ലാ മേഖലകളിൽ നിന്നും അറിവ് സ്വായത്തമാക്കുന്നു. അവിടെയാണ് മാധ്യമങ്ങളുടെ ആവശ്യകത ഉയരുന്നത് .

പഠന സങ്കൽപങ്ങൾ മാറിവന്നതോടെയാണ് മാധ്യമങ്ങളുടെ പ്രാധാന്യം വിദ്യഭ്യാസത്തിൽ വർധിച്ചത്. പാഠപുസ്തകങ്ങളിൽ നിന്നു മോചിതനായ പഠിതാവ് പരിസരം പാഠപുസ്തകമാറിലേറ്റി. എന്നാൽ കുറച്ചുകാലം മുമ്പുവരെ വാർത്താമാധ്യമങ്ങൾ കേവലം സംഭവങ്ങൾ അറിയിക്കുന്ന ഒന്നുമാത്രമായിരുന്നു. രാജ്യത്തുനടക്കുന്ന കേവല വാർത്തകളുടെ പ്രക്ഷേപിണി മാത്രമായിരുന്നു മാധ്യമങ്ങൾ. എന്നാൽ ഇന്ന് അതല്ല സ്ഥിതി. വിജ്ഞാനവും വിനോദവും പകർന്നു തരുന്ന സുഹൃത്താണ് മാധ്യമങ്ങൾ. പത്രവും റേഡിയോയും ടെലിവിഷനും ഏറ്റവും നൂതനമായ വിജ്ഞാനം പോലും തത്ധമയം നമ്മുടെ മുന്നിലെത്തിക്കുന്നു. വിദ്യാർത്ഥിക്ക് വിവരശേഖരണത്തിനു പുസ്തകങ്ങൾ തേടിപോകേണ്ട കാര്യമില്ല.

**വിഷ്ണു പ്രിയ**
**സ്റ്റാന്റ്ഡേർഡ് 9**

# ചന്ദ്രനിലെ ഭീകരൻ

(കഥ)

പണ്ട് ഒരു യുവജ്യോതിശാസ്ത്രജ്ഞൻ ഒരു വലിയ ഗോപുരം പണിതു. അതിനുമുകളിൽ ഒരു ദൂരദർശിനി ഉറപ്പിച്ചു. എല്ലാ രാത്രിയും അദ്ദേഹം അതിലൂടെ വാനനിരീക്ഷണം നടത്തുക പതിവായിരുന്നു.

പകലിലെ സംഭവവികാസങ്ങൾ മറന്ന് രാത്രിയിലെ അതിശയങ്ങൾ മാത്രമായി അദ്ദേഹത്തിനു ചിന്ത. ഓരോ രാത്രിയും പുതിയ ദൃശ്യങ്ങളാണദ്ദേഹം കണ്ടത്. അങ്ങനെ ഒരു രാത്രി അദ്ദേഹം ചന്ദ്രനെ നോക്കിയപ്പോൾ ചന്ദ്രന്റെ മദ്ധ്യത്തിൽ ഒരു ഡ്രാഗൺ ഇരിക്കുന്നതു കണ്ടു. ആ അത്ഭുത ജീവിക്ക് വലിയ ചിറകുകളുണ്ടായിരുന്നു. അനേകം കാലുകളും. കാലുകളിൽ നിറയെ രോമം. ആ ഭീകരജീവി അനങ്ങാതെ ഇരിക്കുകയാണ്. അയാൾ പാതിരാത്രി തന്നെ ഗോപുരത്തിൽ നിന്ന് ഇറങ്ങി, നാട്ടുകാരെയെല്ലാം വിളിച്ചുകൂട്ടി ഈ അത്ഭുത ദൃശ്യം കാണാൻ ക്ഷണിച്ചുകൊണ്ടിരുന്നു അങ്ങനെ ഗോപുരത്തിനു താഴെ വലിയൊരു പുരുഷാരം തടിച്ചുകൂടി.

ചന്ദ്രനിലെ ഡ്രാഗണിനെപ്പറ്റിയുള്ള വിവരങ്ങളെല്ലാം ആളുകൾ ഒരു പുഞ്ചിരിയോടെ വീക്ഷിച്ചുകൊണ്ടിരുന്നു.

കൃഷ്ണ
സ്റ്റാന്റേർഡ് 9

# അഗ്നിച്ചിറകുകൾ

(കുറിപ്പ്)

ഇന്ത്യയുടെ പതിനൊന്നാമത്തെ രാഷ്ട്രപതിയായിരുന്ന ഡോ. എ.പി.ജെ അബ്ദുൽ കലാമിന്റെ ആത്മകഥയാണ് 'അഗ്നിച്ചിറകുകൾ'. അരുൺ തിവാരിയുടെ സഹായത്തോടെ ഡോ. അബ്ദുൽ കലാം ഇംഗ്ലീഷ് ഭാഷയിൽ രചിച്ച 'വിങ്സ് ഓഫ് ഫയർ' എന്ന ഗ്രന്ഥത്തിന്റെ മലയാളപ്രതിഭാഷയാണിത്. 1999 – ൽ ഡി.സി ബുക്സാണ് ഈ പുസ്തകം പുറത്തിറക്കിയിരിക്കുന്നത്. നിരവധി വിദേശ ഭാഷകളിലേക്കും ഈ പുസ്തകം പരിഭാഷ ചെയ്യപ്പെട്ടിട്ടുണ്ട്.

തമിഴ്നാട്ടിലെ രാമേശ്വരം സ്വദേശിയും ഒരു ഇടത്തരം മുസ്ലിം കുടുംബത്തിലെ അംഗവുമായ അബ്ദുൽ കലാം എങ്ങനെ ഇന്ത്യയുടെ 'മിസൈൽ മാനാ'യി എന്നു ഈ പുസ്തകം വിശദീകരിക്കുന്നു. യുവജനങ്ങൾക്ക് ഏറെ പ്രചോദനം നൽകുന്നതാണ് ഈ ആത്മകഥ.

രാജിമോൾ. എസ്
സ്റ്റാന്റേർഡ് 10

# വൃക്ഷ സ്നേഹികൾ

(കഥ)

രാജസ്ഥാനിൽ അമിത് സിങ് നാടുവാഴുന്ന കാലം! മഹാരാജാവിന് അതിമനോഹരമായ ഒരു കൊട്ടാരം പണിയണം. അതിന്റെ ചുമതല രാംദാസ് എന്ന് പേരുള്ള ഒരു രാജസേവകനെയാണ് അദ്ദേഹം ഏല്പിച്ചത്. കൊട്ടാരം പണിക്കുള്ള തടി വെട്ടാനായി രാംദാസ് ഏതാനും സമർത്ഥരായ മരംവെട്ടുകാരെയും കൊണ്ട് 'രാജസ്ഥാനത്തിറ' എന്നും അറിയപ്പെട്ടിരുന്ന ദുരു എന്ന ഗ്രാമത്തിലെത്തി.

മരങ്ങളെ സ്വന്തം കൂടെപിറപ്പുകളായി കരുതിയിരുന്നവരായിരുന്നു അവിടുത്തെ ഗ്രാമീണർ. തങ്ങളുടെ പ്രിയപ്പെട്ട മരങ്ങളെ വെട്ടിമുറിക്കുന്നത് കാണാനുള്ള കരുത്ത് അവർക്കുണ്ടായിരുന്നില്ല. രാംദാസും കൂട്ടരും മരം വെട്ടാനെത്തിയ വിവരമറിഞ്ഞ് ഗ്രാമീണർ ഓടിക്കൂടി. അവർ പറഞ്ഞു.

'ഈ മരങ്ങളെലാം ഞങ്ങളുടെ മിത്രങ്ങളാണ് ഇവയെത്തൊടാൻ ഞങ്ങൾ സമ്മതിക്കില്ല.'

'എങ്കിൽ നിങ്ങളുടെ കഴുത്ത് ഞങ്ങൾ വെട്ടും!' രാംദാസ് ആക്രോശിച്ചു.

'അതിൽ ഞങ്ങൾക്ക് ഭയമില്ല. എന്ത് വിലകൊടുത്തും ഈ മരങ്ങളെ ഞങ്ങൾ രക്ഷിക്കും.' ഗ്രാമീണർ ഒറ്റക്കെട്ടായി മുന്നോട്ടു വന്നു.

അവർ ഓരോ മരത്തേയും കെട്ടിപിടിച്ചുകൊണ്ടു നിൽപ്പായി.

'ങ്ും, വേഗം മാറിക്കോളണം. അല്ലെങ്കിൽ നിങ്ങളുടെ കഴുത്ത് താഴെ വീഴും!' രാംദാസ് മുന്നറിയിപ്പ് നൽകി. പക്ഷെ ഗ്രാമീണർ കുലുങ്ങിയില്ല. അവർ പറഞ്ഞു, 'ഇല്ല, ഞങ്ങൾ മാറില്ല. ഈ മരങ്ങൾ ഞങ്ങളുടെ സോദരർ! ഇവയോടൊപ്പം മരിച്ചു വീഴുന്നതിൽ ഞങ്ങൾ സന്തുഷ്ടർ....!' ഗ്രാമീണർ ഓരോ മരത്തെയും കെട്ടിപ്പുണർന്നു നിന്നു.

രാംദാസ് മരം വെട്ടാൻ ആജ്ഞ നൽകി. കോടാലികൾ ഉയർന്നു താഴ്ന്നു..... ഓരോ മരം വെട്ടുമ്പോഴും ഓരോ വൃക്ഷസ്നേഹിയും അതിന്റെ ചുവട്ടിൽ മരിച്ചു വീണു.....!


വളരെ വൈകിയാണ് മഹാരാജ അമിത് സിങ് ഈ ദാരുണ വാർത്ത അറിഞ്ഞത്. അദ്ദേഹം  പറഞ്ഞു "പ്രിയരേ നിങ്ങളുടെ പ്രകൃതിസ്നേഹം നമ്മുടെ കണ്ണു തുറപ്പിച്ചിരിക്കുന്നു. ഇവിടെ ഇന്നി ഒരു മരവും അനാവശ്യമായി മുറിക്കാൻ നാം അനുവദിക്കില്ല."

ശ്രീ ലക്ഷ്മി
സ്റ്റാന്റ്ഡേർഡ് 9

# മാതൃത്വം

(കവിത)

സ്നേഹത്തിൻ പനിനീർസുമം നീ
മനുഷ്യരെ ത്രസിപ്പിക്കും കുളിർ നീ
ദുഃഖശൂന്യത  മാറ്റിടും സാന്ത്വനം നീ.
കവികൾതൻ കരളിന്റെ ഉള്ളറയിലെ നിണം നീ
ലോകത്തിൻ ഉത്തമ കിരീടം നീ
നീയല്ലോ അകിലമൊക്കെയും വാണിടുന്നോൾ
നീയല്ലോ ഭൂമിതൻ മാറിടം,
സ്നേഹത്തിൻ ഉറവിടം,
ആത്മമോക്ഷത്തിൻ സാഗരം,
അപരിമേയമായ സേവനത്തിനധീന,
അവളല്ലോ ഉത്തുംഗശ്രേഷ്ഠം പ്രഥമയാം
മാതൃത്വം സോദരാ.......




സംഗീത എമിലി

സ്റ്റാന്റ്ഡേർഡ് 10

# ശാസ്ത്രപുരോഗതി

(ലഘുലേഖനം)

ശാസ്ത്രം കണ്ടുപിടിത്തങ്ങളുടെ ശൃംഖലയെ അനുനിമിഷം വർധിപ്പിച്ചുകൊണ്ടിരിക്കുന്നു. ആദിമശിലായുഗത്തിൽ മൃഗതുല്യ ജീവിതം പുലർത്തിയിരുന്ന മാനവർ കമ്പ്യൂട്ടർയുഗത്തിലാണ് ഇന്ന് ജീവിക്കുന്നത്. ഒരു മിനിറ്റിൽ 2000 കിലോമീറ്ററിലധികം സഞ്ചരിക്കുന്ന ബാലിസ്റ്റിക് മിസൈൽ മുതൽ ക്ലോണിംഗ് സംവിധാനങ്ങൾ വരെ അടക്കിവാഴുകയാണ് നാം. വൈദ്യുതിയുടെ കണ്ടുപിടിത്തമാണ് മനുഷ്യനുണ്ടാക്കിയ ഒട്ടനവധി നേട്ടങ്ങളുടെ പിന്നിൽ. യന്ത്രങ്ങളിലൂടെ വൈദ്യുതി മനുഷ്യന്റെ അധ്വാനഭാരം കുറച്ചു. അങ്ങനെ ലോകത്തിന് അതിരുകൾ നഷ്ടമായി. അറ്റമിക് മേഖലയിലും മനുഷ്യൻ ഇന്ന് വളരെയേറെ പുരോഗമിച്ചിരിക്കുകയാണ്.




വൈദ്യശാസ്ത്രരംഗത്തും അണുവിസ്ഫോടന രംഗത്തും മനുഷ്യൻ ഉണ്ടാക്കിയ കുതിച്ചുകയറ്റം യുദ്ധരംഗത്തും ശാസ്ത്രം ഉണ്ടാക്കിയിട്ടുണ്ട്. ഇനിയൊരു പോരാട്ടമുണ്ടെങ്കിൽ ആയുധങ്ങൾ ആയുധങ്ങളുമായിട്ടായിരിക്കും നടക്കുക. എന്നാൽ ശാസ്ത്രപുരോഗതിയുടെ ലക്ഷ്യം സ്നേഹം സന്തോഷവും സാഹോദര്യവും കളിയാടുന്ന ഒരു സാമൂഹത്തെ സൃഷ്ടിക്കുക എന്നതാവണം.

ദിയ മോൾ എം ആർ
സ്റ്റാന്റ്ഡേർഡ് 9

# തെങ്ങ് നിവർന്ന കഥ

(കഥ)

പണ്ടു പണ്ട് വീട്ടമ്മമാരുടെ ആവശ്യമനുസരിച്ച് തേങ്ങ പറിക്കുവാൻ തെങ്ങുകൾ കുനിഞ്ഞുകൊടുക്കുമായിരുന്നു. ഒരു ദിവസം തേങ്ങിൽ നിന്ന് ഒരു തേങ്ങയേ പറിക്കാവൂ എന്നു തെങ്ങുകൾ മനുഷ്യരോട് പറഞ്ഞിരുന്നുവത്രേ!



അങ്ങനെ ഒരു ദിവസം ഒരു വീട്ടിൽ കുറച്ചു വിരുന്നുകാർ വന്നു. അപ്പോൾ പായസമുണ്ടാകുവാനായി ആ വീട്ടിലെ സ്ത്രീ തന്റെ വീട്ടുമുറ്റത്തെ തെങ്ങിൻ ചുവട്ടിലെത്തി. തേങ്ങ് തല കുനിച്ചു നിന്നു. അപ്പോൾ വീട്ടമ്മ വിചാരിച്ചു ; വിരുന്നുകാരുള്ളതല്ലേ, രണ്ടു തേങ്ങ പാറിച്ചേക്കാം. അങ്ങനെ അവർ രണ്ടു തേങ്ങ പറിച്ചു. പെട്ടന്ന് തെങ്ങ് നിവർന്നു. എന്നിട്ട് അവരോട് പറഞ്ഞു,"നിങ്ങൾ അത്യഗ്രഹം കാട്ടി എന്റെ വാക്ക് ധിക്കരിച്ചു. അതിനാൽ "ഇനിമുതൽ നിങ്ങൾ മനുഷ്യർക്ക് തേങ്ങ  വേണമെങ്കിൽ മുകളിൽ കയറി പറിക്കണം." അന്നുമുതലാണത്രേ തെങ്ങ് ഇന്നത്തെപ്പോലെ നിവർന്ന് നിന്ന് തുടങ്ങിയത്.

അഞ്ജലി എസ്
സ്റ്റാന്റ്ഡേർഡ് 9

# പഴമയുടെ

# പഴഞ്ചൊല്ലുകൾ

- **പട പേടിച്ച് പന്തളത്തു ചെന്നപ്പോൾ അവിടെ പന്തം കൊളുത്തിപ്പട.**

അഭയസ്ഥാനം ആദ്യത്തേതിനേക്കാൾ അപകടകരമാവുക.

- **അടിതെറ്റിയാൽ ആനയും വീഴും.**

അബദ്ധം അത്ര വലിയവനും സംഭവിക്കാം.

- **പടിക്കൽ ചെന്ന് കലം ഉടയ്ക്കുക.**

അവസാനം വരെ ബുദ്ധിമുട്ടി ജോലി ചെയ്ത്; ഒടുവിൽ അത് നശിപ്പിക്കുക.

- **പൂച്ച എലിയെ പിടിക്കും, കലവുമുടയ്ക്കും.**

ഒരു ഗുണത്തിനു ഒരു ദോഷം.

- **ഓടുന്ന തോണിക്ക് ഒരുന്ത്.**

സ്വയം പ്രവർത്തിക്കുന്നവർ പ്രോത്സാഹനം കൂടി ലഭികുകയാണെങ്കിൽ കൂടുതൽ ശോഭിക്കും.

- **വായിൽ തേനും അകത്തു വിഷവും.**

ഭംഗിയിൽ വാക്ക് എന്നാൽ മനസ്സിലിരിപ്പ് ദുഷ്ടതയായിരിക്കും.


**അഖില റോബി**
**സ്റ്റാന്റ്ഡേർഡ് 10**

# ദിക്കറിയാതെ.....

(കവിത)

ഒരു രഹസ്യം പറയട്ടെ.....
എന്റെ ഹൃദയത്തിൽ ഒരു ദിക്കുണ്ട്
സ്വപ്നങ്ങളുടെ യവനിക നീക്കിയാൽ
നിനക്ക് മാത്രം കാണുവാൻ കഴിയുന്ന
നിമിഷങ്ങളുടെ ദിക്ക്......

ഇനിയും ഒരു രഹസ്യം ഉണ്ട്.....
നിന്റെ കണ്ണുകളിൽ ഒരു ദിക്കുണ്ട്.
എത്രയേറെ നീ മറച്ചാലും
എന്നിലേക്ക് തിരിയുന്ന
ഞാൻ മാത്രമറിയുന്ന ദിക്ക്.....




ഇനിയും ഒരു രഹസ്യം ഉണ്ട്.....
നിന്റെ കണ്ണുകളിൽ ഒരു ദിക്കുണ്ട്.
എത്രയേറെ നീ മറച്ചാലും
എന്നിലേക്ക് തിരിയുന്ന
ഞാൻ മാത്രമറിയുന്ന ദിക്ക്.....

അലന കിപ്ലൻ
സ്റ്റാന്റേർഡ് 10

# ആവിഷ്ക്കരണ ശൈലി സാഹിത്യത്തിൽ

(ഉപന്യാസം)

കലാപരമായി കാലഘട്ടത്തെക്കുറിച്ചുള്ള ബോധം ആ കാലഘട്ടത്തിൽ ജന്മമെടുത്ത കൃതികളുടെ പഠനത്തെ സഹായിക്കുന്ന നിർണായക ശക്തികളിൽ ഒന്നാണ്. കാലഘട്ടത്തിന്റെ ജീവിത ആദർശങ്ങളും മൂല്യ സങ്കൽപ്പങ്ങളും ആചാര്യ മര്യാദകളും ഇവയിൽ ഉൾക്കൊള്ളുന്നു. ഒരു വ്യക്തിയെ അയാൾ എത്ര പ്രതിഭാസമ്പന്നനായാലും സാഹിത്യകാരനും കൂടിയാക്കുന്ന പരിതസ്ഥിതിയാണുള്ളത്. വായനക്കാരന്റെ സംവേദക്ഷമത രൂപപ്പെടുത്തുന്നതിലും സാമൂഹ്യ ചുറ്റുപാടുകൾക്ക് ശക്തമായ പങ്കുണ്ട്. കലയും കാലവും തമ്മിലുള്ള സവിശേഷ ബന്ധമാണിതിന്റെ അടിസ്ഥാനം.

ആവിഷ്ക്കരണശൈലി എന്നത് ഇതിൽ മറ്റൊരു നാഴികക്കല്ലാണ്. ഇന്ന് ചിന്തകളും വികാരങ്ങളും ആശയങ്ങളും മാറുന്നു.അതുപോലെ ആവിഷ്ക്കരണ ശൈലിയും ഒരിക്കൽ വായനക്കാരനെ വശീകരിച്ചിരുന്ന പുസ്തകങ്ങളും മറ്റൊരു കാലഘട്ടത്തിൽ ജീവിക്കുന്നു. വ്യത്യസ്തമായ ആവിഷ്ക്കരണ സമ്പ്രദായമുള്ള നമുക്ക് അത് വിരസവും വ്യർഥവുമായി തോന്നും. ആവിഷ്ക്കരണ ശൈലി സാഹിത്യ ലോകത്ത് പ്രത്യേക സാന്നിധ്യം തന്നെയാണ്

സാഹിത്യ കൃതി എന്നത് സമകാലീന ജീവിതത്തിന്റെ ആവിഷ്ക്കാരമാണ്....... ഒപ്പം മനോഭാവത്തിന്റെ പ്രകടനവും.

**ആവിഷ്ക്കരണ ശൈലി സാഹിത്യത്തിൽ**

**ഹരിചന്ദന. എസ്**

**സ്റ്റാന്റേർഡ് 10**

# നിശാ ഗന്ധവേളയിലൂടെ

# ഒരു സായാഹ്നം

(കവിത)

വെൺതിങ്കൾ പട്ടുടുത്ത
സൗന്തര്യ ദീപ്തമാം രാത്രി
നിൻ മേനിയെ തഴുകുമീ

പാറിപ്പറക്കുമീ
നിശാ ശലഭവും
വെണ്ണിലാ പുത്രിയാം
രാത്രി, നീയെത്ര
സുന്ദരീ...

ഇളം മഞ്ഞിൽ കുതിരുന്ന
ഓക്കുമര ശിഖരവും
വെള്ളി ചിലമ്പിട്ട കാട്ടുരുവിയും

കായാമ്പൂ നിറമുള്ള
കസ്തൂരി ഗന്ധിനി
മയങ്ങുന്നു സർവ്വരും
നിൻ സൗന്ദര്യം അറിയാതെ

യാമങ്ങൾ കവർന്ന
നിൻ സുന്ദര സൗന്ദര്യം
നുകരുവാൻ ഞാൻ നിൽപ്പൂ
ഏകയായി

യുഗാന്ദരങ്ങളായി കൊതിക്കുന്നു
ഓമലേ നിൻ മടിത്തട്ടിലെ
ഓമലാവാൻ

നിൻ പൊടിയിണകളിൽ
ഒന്നു ചേരുന്നു ഞാൻ
സുന്ദര സ്വപ്നമേ നിന്നെ
ഓർക്കാൻ...

ഷഹസൂബ ബിസ്മി എം. ബി
സ്റ്റാന്റ്ഡേർഡ് 10

# പൊയ്മുഖമണിഞ്ഞവർ...

(കവിത)

അമ്മതൻ  മക്കളിൽ മൂകരാണധികവും
പിന്നയോ ഹീനരും ബധിതരുമന്ധരും
ഭീരുക്കളാണയ്യോ! മക്കളിലധികവും
പിന്നയോ സ്വർതഥരും നണയരും ചതിയരും
കൂടെ നടന്നവർ കൂട്ടിനുവന്നവർ
കൂടെപ്പിറപ്പെന്നുറച്ചുനിനച്ചവർ
കൂടെയണഞ്ഞില്ല കൂട്ടിനും നിന്നില്ല
കൊട്ടും ചതിചെയ്യുമെന്നാരറിഞ്ഞു
ചന്തങ്ങളേറുവാൻ ചമയങ്ങളണിഞ്ഞവർ
ഛായകൾ മാറുവാൻ ചായങ്ങൾ തേച്ചവർ
ചൈതന്യമില്ലാത്ത ചേതനയില്ലാത്ത
വിഗ്രഹമാണെന്ന നേരറിഞ്ഞു
തിരശീലതൻ മുന്നിലും പിന്നിലും നാടകം
നാടകം തന്നയും ജീവിതമത്രയും
അപരന്റെ ജീവിതമഗ്നിയിലെറിയണോ?
അവനവനാനന്ദമനുഭവിച്ചീടുവാൻ
അപരന്റെയാനന്ദം അപഹരിച്ചീടണോ?
അവനിയിൽ ജീവിതമാസ്വദിച്ചീടുവാൻ
അധർമ്മത്തെയെതിർക്കുവാൻ അനീതിയെ ചെറുക്കുവാൻ
ആരാരുമില്ലയ്യേ ഈസഹ്യഭൂവിതിൽ
ആരോയെഴുതിയ തിരക്കഥ വേണമോ

അധമനെയെതിർക്കുവാൻ അധർമ്മിയെ ചെറുക്കുവാൻ
മുഷ്ടികളുയരട്ടെ മുറവിളിമുഴങ്ങട്ടെ
അധർമ്മത്തെയെതിർക്കുവാൻമലയാള മൊരുങ്ങട്ടെ
മൗനത്തിൽ മടിയിലുറങ്ങുമാ മാനികളുണരട്ടെ
കണ്ഠത്തിലൊട്ടിയ നാവുകൾ ചലികട്ടെ
ഇരയല്ലനജത്തി നീ ഇരയല്ലൊരിക്കലുമൊരായിരമിരകളെ
ധീരരായി തീർത്തുനീ
ഇരകളെ ഇരകളായ് തീർത്തവരൊടുങ്ങട്ടെ
ഇരയുടെ നെഞ്ചിലെ കനലുകളടങ്ങട്ടെ

പെണ്ണിന്റെ മാന്യത മണ്ണിലുയർത്തുവാൻ
പൊരുതുക സഖികളെ പോരാടുക സഹജരെ
പിന്നിലുണ്ടറിയുക മലയാളം മുഴുവനും
പോകുക നിർഭയം നീങ്ങുക നിർലജ്ജം.



സുജ എബ്രാഹാം
(അധ്യാപിക)

# ഉണരാതെയിരുന്നെങ്കിൽ

(കവിത)


നിലാവു പെയ്യുന്ന രാത്രിയിൽ....
ജനൽപഴുതിലൂടെ എൻ അരികിൽ വന്നു
സ്വപ്നങ്ങളെ താലോലിക്കാൻ എന്നെ
അവൻ ഇരുട്ടിലേക്കയച്ചു

കൺചിമ്മി ഞാൻ ഉണർന്നപ്പോൾ
എന്നരികിൽ അവനില്ല.... നിലാവില്ല,
ഇരുട്ടില്ല....
പുറത്തേക്കു നോക്കിയപ്പോൾ
എന്നരികിൽ ളുവെളിച്ചത്തിൻ,
പൊന്നിൻകുടവുമായി.....
സ്വപ്നങ്ങൾ കാണാൻ പഠിപ്പിച്ച-
യെൻ അമ്പിളിക്കണ്ണൻ ,
ബാലസൂര്യനെ എന്നരികിലേക്കയച്ചു

ടിനു തോമസ്
സ്റ്റാന്റ്ഡേർഡ് 10


# കാട്ടു കയറുന്ന മനുഷ്യർ

(ഉപന്യാസം)



കാട് വെറും മരക്കൂട്ടം മാത്രമല്ല; ഓർമപ്പഴമകളുടെ ഈറ്റില്ലമാണിത്. ജയപരാജയങ്ങൾ വ്യത്യാസമില്ലെന്നറിയുന്നവർ ഒടുവിലെത്തുന്ന ഇടം കാടാണ്. കാടിന്റെ അന്തമില്ലായ്മയിലേക്ക് കണ്ണ38 തുറക്കാൻ വിധിക്കപ്പെട്ട ആദിമ മനുഷ്യന്റെ അവസ്ഥയിലേക്ക് നാം എത്തിച്ചേരേണ്ടതുണ്ട്. നമുക്കിണങ്ങുന്ന ചുറ്റുപാടുകൾ കണ്ടെത്തുകയെന്നത് ഓരോ ജീവിയുടേയും ജന്മവാസനയാണ്. സ്വയം ഒളിക്കാനോ സ്വയം കണ്ടെത്താനോ ഉള്ള സങ്കേതത്തിന്റെ ഒരന്വേഷണമാണിത്. സ്വന്തം സത്യാന്വേഷണ തൃഷ്ണയുടെ സ്വാഭാവിക പരിണാമം. യാഥാർത്ഥ്യത്തിൽ നിന്ന് ഒളിച്ചോടുകയല്ല; മറിച്ച് യാഥാർത്ഥ്യത്തോടുള്ള അഭിമുഖീകരണമാണ് നമുക്ക് വേണ്ടത്. 'എന്റെ' ഒന്നില്ല എന്നറിയുന്നതിന്റെ നിർവേദമാണ് നമ്മുടെ ജീവിതത്തിന്റെ അകപ്പൊരുൾ ഭക്തിയും നാഗരികതയും തമ്മിലുള്ള പുതിയ കാലത്തിന്റെ ബന്ധനങ്ങളിലേക്ക് നാം എത്തിച്ചേരണം.

ജോസിയ ജോസഫ്
സ്റ്റാന്റേർഡ് 10





കൃഷ്ണ ടി എസ്
സ്റ്റാന്റ്ഡേർഡ് 9

# ചിലത്

(കവിത)

ചില സന്ധ്യകൾ ചോന്നു തുടുക്കാറില്ല....
ചില മുകിൽ മാലകൾ പെയ്തൊഴിയാറില്ല....
ചില രാത്രികൾ  നിലവിളിക്കാറില്ല....
ചില നേരം കാറ്റിനു ചന്ദനഗന്ധമില്ല....

ചില മോഹങ്ങൾ സഫലമാകാറില്ല....
ചില നിമിഷങ്ങൾ മനസ്സിൽ  നിന്നു
മറയില്ല....
ചില സത്യങ്ങൾ ആരും ഓർക്കാറില്ല....
ചില  ചോദ്യങ്ങൾക്ക് ഉത്തരം തരാൻ
നാം വിതുമ്പുന്നു....

**ദേവിക ചന്ദ്രൻ**
**സ്റ്റാന്റ്ഡേർഡ് 10**

# ഗുരുവന്ദനം

(കവിത)


ഗുരുവെന്നരണ്ടക്ഷരത്തിന്റെ മുന്നിലായ്
കൈക്കുപ്പി ഞങ്ങൾ നിരന്നിടുന്നു
സത്യം പറയുവാൻ നന്മകൾ കാണുവാൻ
ദൈവത്തെ സ്നേഹിപ്പാൻ ചൊന്നു നിങ്ങൾ
അമ്മയെ കാണുവാൻ അച്ഛനെ പൂജിക്കാൻ
സോദരെ സ്നേഹിപ്പാൻ ചൊന്നു നിങ്ങൾ
സ്നേഹമാണേറ്റവും മീതെയാണെന്നുള്ള
പാഠം പഠിപ്പിച്ച നന്മ നിങ്ങൾ
കാട്ടിലും മേട്ടിലും ഉദ്യാനതോപ്പിലും
ഈശ്വരനുണ്ടെന്നു ചൊന്നു നിങ്ങൾ
നേരായ മാർഗത്തിലൂടെ ചരിച്ചെന്നാൽ
നേട്ടമുണ്ടാകുമെന്നോതി നിങ്ങൾ
നാളെയീ ലോകത്തിൽ തീപ്പന്തമാവാനും
ലോകം നയിക്കാനും ചൊന്നു നിങ്ങൾ
ഗുരുനാഥനാകുന്ന ദൈവത്തിൻ രൂപത്തെ
അഞ്ജലികൂപ്പി വണങ്ങിടുന്നു
ഗുരുവെന്ന രണ്ടക്ഷരത്തിന്റെ മുന്നിലായി
കൈക്കുപ്പി ഞങ്ങൾ നിരന്നിടുന്നു

റിനു റൂബൻ
സ്റ്റാന്റേർഡ് 10

# ജലസംഭരണികൾ

(ഉപന്യാസം)

നദികളും പുഴകളും തോടുകളും വയലുകളും നമ്മുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു. അവ ഇന്ന് ഏറെക്കുറെ അപ്രത്യക്ഷമായി. പുഴകളും നദികളും അതിലെ സുന്ദരമായ കാഴ്ചകളും ഇന്ന് സിനിമകളിൽ പോലും ഇല്ലാതായി.



മഴ കുറഞ്ഞു, മഴവെള്ളസംഭരണികളും വയലും തോടും കനാലും നദിയും വറ്റി. ഭാരതപ്പുഴയും പെരിയാറും വേനലിൽവരണ്ടുപോകുന്നു. വെള്ളമില്ലാതെ ജീവിക്കാൻ സാധിക്കുമോ? ഇല്ലല്ലോ. അപ്പോൾ എന്താണു പോംവഴി? മഴവെള്ളം സംഭരിച്ചു സൂക്ഷിക്കുക, വയലുകളും കുളങ്ങളും തണ്ണീർതടാകങ്ങളും ജലസംഭരണികളായ് മാറട്ടെ. മഴവെള്ളം ഒഴുകിപോകാതെ മണ്ണിലേക്കിറങ്ങാൻ അനുവദിക്കണം. ഇതിനായ് മഴക്കുഴികൾ ഉണ്ടാക്കാം, തടങ്ങൾ ഉണ്ടാക്കാം. ഈ മഴസംഭരണികളെയാണ് വെള്ളത്തിനായ് ഇനി നാം ആശ്രയിക്കേണ്ടത്.

കുപ്പിവെള്ളം പലതരം ആരോഗ്യപ്രശ്നങ്ങൾക്കു കാരണമായേക്കും. വീട്ടിലും സ്കൂളുകളിലും ശുദ്ധജലം കരുതിവെച്ചു കുടിക്കുക.

**എൽസ അനഘ**
**സ്റ്റാന്റ്ഡേർഡ് 10**

# നേർകാഴ്ച

(ലഘുലേഖനം)

കഴിഞ്ഞ ദിവസം പത്രത്തിൽ ഒരു കാർട്ടൂൺ കണ്ടു. കുത്താൻ വരുന്ന പോത്തിന്റെ മുന്നിൽ നിന്ന് 'സെൽഫി' എടുക്കുന്ന ഒരു മനുഷ്യൻ. അതുകണ്ട് നാമൊന്ന് ചിരിച്ചിട്ടുണ്ടാകും. വാട്സാപ്പിലൂടെയും സോഷ്യൽ മീഡിയയിലൂടെയും നമ്മെത്തന്നെ പ്രദർശിപ്പിക്കാനുള്ള പ്രവണത - ഇന്ന് യുവജനങ്ങളിൽ മാത്രമല്ല; മുതിർന്നവരിലും കൂടിവരുന്നതും സോഷ്യൽ മീഡിയയുടെ ദുരുപയോഗം മൂലം ചെന്നെത്താനിടയുള്ള അപകടകൾ നാം എന്നും ഓർത്തിരിക്കേണ്ടതാണ്.

സെൽഫിയിൽ പതിയുന്ന സ്വന്തം മുഖം നോക്കി ആസ്വദിക്കാനും അത് പ്രദർശിപ്പിക്കാനുമാണ് ഏവർക്കും താത്പര്യം. എന്നാൽ എന്തുകൊണ്ടാണ് മദർ തെരേസ്സയുടെ ചുളിഞ്ഞമുഖം, ലൈക്കുകളുടേയും സെൽഫിയുടേയും പിൻബലമില്ലാതെ നമ്മുടെ മനസ്സിൽ നിന്നും മായാത്തത് എന്ന് ഓർക്കണേ കൂട്ടുകാരേ.



ഇനിമുതൽ നമുക്ക് ക്യാമറ തിരിച്ചൊന്നു പിടിക്കാം. അതിൽ തെളിയുന്ന പടം ഒന്ന് നോക്കുക !നമ്മുടെ സഹോദരങ്ങളുടെ വിഷമതകൾ, അടിമത്വം, ദാരിദ്ര്യം..... അവരെ ഒന്ന് തലോടുമ്പോൾ, ആശ്വസിപ്പിക്കുമ്പോൾ നാം അറിയാതെ നമ്മുടെ മുഖം മിന്നി തിളങ്ങുന്ന കാഴ്ച കാണാൻ നമുക്ക് കഴിയട്ടെ.

അനുരാധാ സുധീഷ്
സ്റ്റാന്റേർഡ് 9

# നന്മയുടെ കടലാസുകൾ

(കഥ)

കോരിച്ചൊരിയുന്ന മഴയുടെ ഭംഗി ആസ്വദിച്ച് ഉമ്മറപ്പടിയിലിരിക്കുകയായിരുന്ന വൃദ്ധയായ ജാനകി ടീച്ചർ. മങ്ങിതുടങ്ങിയ കണ്ണുകളോടെ അവർ ആ വഴിയുടെ വിദൂരതയിലേക്ക് നോക്കി. ഏങ്ങോ കണ്ടുമറന്ന മുഖമെന്നപോലെ ആ വ്യക്തി അവരുടെ അടുത്തേക്ക് വന്നു.

"എന്നെ ഓർമ്മയുണ്ടോ.....?" എന്ന് വാത്സല്യപൂർവ്വം അവരോട് ചോദിച്ചു. ജാനകി ടീച്ചറുടെ മനസ്സിൽ നിന്ന് ഒരു പ്രവാഹമെന്നപോലെ ആ വാക്ക് ഉതറി "സു.... സുധീറല്ലേ?" അയാൾ അതെ എന്ന് മറുപടി പറഞ്ഞു. സുധീറിനെ ജാനകി ടീച്ചർ അകത്തേക്ക് വിളിച്ചിരുത്തി ചായയും പലഹാരങ്ങളും നൽകി.

"നീ ഇപ്പോൾ എന്തു ചെയുന്നു?" ജാനകി ടീച്ചർ ചോദിച്ചു. "ഞാനിപ്പോൾ കണ്ണൂരിൽ വില്ലേജ് ഓഫീസറായി ജോലി ചെയ്യുകയാണ്." ആ സമയത്തു അയാൾ പോക്കറ്റിൽനിന്ന് ഒരു നിറം മങ്ങിയ കടലാസ് എടുത്തിട്ട് പറഞ്ഞു "ടീച്ചറിന് ഇത് ഓർമയുണ്ടോ...?" അവൻ തുടർന്നു. "ടീച്ചർ ആദ്യമായ് ഞങ്ങളെ പഠിപ്പിക്കാൻ വന്നപ്പോൾ ഞങ്ങളോട് പറന്നില്ലേ, നിങ്ങൾക്കു ഇഷ്ട്ടമുള്ള ആളുടെ പേര് ഒരു കടലാസിലെഴുതാൻ, അന്ന് എന്റെ പേര് എഴുതിയ മനു എനിക്ക് തന്നതാണിത്. ഞാൻ ഇത് ഇന്നും സൂക്ഷിക്കുന്നു. 'നന്മയുടെ കടലാസുകൾ.'

ലിബി വിരോണി ലിങ്കൺ
സ്റ്റാന്റ്ഡേർഡ് 9

# ജീവിതരാഗം

(കവിത)

അനന്തമാം ആകാശനീലിമയിൽ നിന്നോ,
അവർണ്ണനീയമാം ഭൂമിയുടെ പച്ചപ്പിൽ നിന്നോ
എങ്ങു നിന്നുത്ഭവിച്ചു എൻ ജീവിതരാഗം
അമ്മയുടെ പൊക്കിൾക്കൊടിയിൽ നിന്നും,
ജീവന്റെ സന്ദേശവുമായ ഞാൻ പിറന്നു.
തുടങ്ങുകയായ്, ആദിയും അന്ത്യവും എന്തെന്നറിയാതെ
എൻ ജീവിതയാത്ര തുടങ്ങുകയായ്.......

ജീവിതമാം നൂൽപാലത്തിലൂടെ
ഞാൻ കളിതുടങ്ങുകയായ്,
സുഖ ദുഃഖ സമിശ്രം ഈ യാത്ര
ഞാൻ എൻ ജീവിതയാത്ര തൻ
ജീവിതരാഗം തേടുകയായ്
സ്വച്ഛന്ദമായ് ഒഴുകും നദിപോലെ ഒഴുകും
എൻ ജീവിതയാത്രയിൽ, പ്രക്ഷുബ്ധമാവും
തിരമാലകൾ അലയടിച്ചു.

വിഷ്ണുപ്രിയ കെ. ആർ
സ്റ്റാന്റ്ഡേർഡ് 10

# ദൈവ സന്ദേശം

(കവിത)

കരയുന്ന ഭൂമിയുടെ കണ്ണീർ-
തുടയ്ക്കാൻ ഒരുങ്ങാക്കാത്ത മക്കളെ
പോറ്റുന്ന ഭൂമി.....

അവളുടെ ദീനമായ രോദനം
ഞാൻ കേൾക്കുന്നു....
ഭൂമി വിളരുന്നു മരണമാം
വേദനയോടെ
അവൾ കണ്ണുനീർ പൊഴിക്കുന്നു.....

ഓർക്കുകാ.... അയോഗ്യനായ മർത്യാ
നീ, ജീവൻ തുടിപ്പുള്ള
ഭൂമിയാം ദേവിയെ നോവിച്ചാൽ
തിരിച്ചടി നിനക്ക് ഉറപ്പ്....
ഇനിയും ലഭിക്കും തിരിച്ചടി.....
ഒരുപക്ഷെ വന്നതിനേക്കാൾ വലുത്.

അലീന എലിസബത്ത്
സ്റ്റാന്റ്ഡേർഡ് 9

# വാദമുഖം

(കവിത)

പിന്നെയും നിങ്ങളീ വെള്ളാരം കല്ലെട്ടു-
ത്തെന്റെ മുറ്റത്തുപിടഞ്ഞു ചത്താൽ
തുമ്പികളെന്നു വിളിക്കാം പഴിക്കുവാ-
നെന്റെ നിഘണ്ടുവിൽ വാക്കുതേടാം.

ചിത്രചിറകിലെഴുതിപിടിപ്പിച്ച
സത്യവാങ്മൂലം പുറത്തെടുക്ക
ആയിരം കൊടിക്കേസ്സിലിമാതിരി
വാദമുഖകൾ നിരത്തി വയ്ക്കാം

ആരാണുതുമ്പിയെ കല്ലെടുപ്പിച്ചവർ
ആരാ ചിറകിനു തീ കൊടുത്തോർ
ആരൊക്കെയാണിതിൻ നേരായ
സാക്ഷികൾ ആരുടെയാണീ മൊഴികളെല്ലാം
എല്ലാമറിഞ്ഞു വിധിയെഴുതുന്നൊരാ
നേരത്തെന്റെ പേർ നിൽക്കുന്നതേ-
-തു തട്ടിൽ

മീനാക്ഷി എസ്
സ്റ്റാന്റ്ഡേർഡ് 9

# സുഗതകുമാരി

(ജീവചരിത്രം)

മലയാളത്തിലെ പ്രശസ്ത കവയത്രിയും സാമൂഹിക - സാംസ്കാരിക പ്രവർത്തകയുമാണ് സുഗതകുമാരി. പ്രശസ്ത കവി ബോധേശ്വരന്റെയും പ്രൊഫ. വി. കെ കാർത്യാനിയമ്മയുടേയും മകളായി 1934 - ൽ തിരുവനന്തപുരത്ത് ജനിച്ചു. പരിസ്ഥിതി സംരക്ഷണത്തിനായും, സാമൂഹിക അനീതികൾക്കെതിരായും അവർ നടത്തിയ പ്രവർത്തനകൾക്ക് മികച്ച അഗീകാരം നേടുകയുണ്ടായി. 'തളിര്' മാസികയുടെ പത്രാധിപയായും, കേരള സംസ്ഥാന വനിതാകമ്മീഷൻ അധ്യക്ഷയായും പ്രവർത്തിച്ചിട്ടുണ്ട്.

പാതിരാപ്പൂക്കൾ, രാത്രിമഴ, മാനവഹൃദയം, മുത്തുച്ചിപ്പി, ഇരുൾച്ചിറകുകൾ, സ്വപ്നഭൂമി, കുറിഞ്ഞിപ്പൂക്കൾ, രാധയെവിടെ, തുലാവർഷപ്പച്ച, ദേവദാസി തുടങ്ങിയവയാണ് പ്രധാന കൃതികൾ. എഴുത്തച്ഛൻ പുരസ്കാരം, ഓടക്കുഴൽ അവാർഡ്, ആശാൻ പ്രൈസ്, വയലാർ അവാർഡ്, കേന്ദ്ര - കേരള സാഹിത്യ അക്കാദമി അവാർഡുകൾ, സരസ്വതി  സമ്മാൻ, പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള ആദ്യത്തെ വൃക്ഷമിത്ര അവാർഡ് തുടങ്ങിയ നിരവധി ബഹുമതികൾ സുഗതകുമാരിക്ക് ലഭിച്ചിട്ടുണ്ട്.

ജൊവാന ബേബി
സ്റ്റാന്റ്ഡേർഡ് 9

# നമ്മുടെ ഉത്സവങ്ങൾ

(കവിത)

പൊന്നിൽ ചിങ്ങം വന്നാൽ നമ്മുടെ
മാമല നാട്ടിൽ പൊന്നോണം
ഓണക്കോടിയും ഓണനിലാവും
മേളിക്കുന്നൊരു തിരുവോണം

വിജയദശമിക്കല്ലോ നല്ലൊരു
വിദ്യാരംഭം നമ്മൾക്ക് !

മേടപ്പുലരിക്കെന്നും കൊന്ന-
പ്പൂക്കണി വെക്കും വിഷുവല്ലോ
വിഷുവിന്നൽപ്പം മുമ്പോ, പിമ്പോ
ഈസ്റ്റർ തിരുനാൾ വന്നണയും

ഡിസംബർ ഇരുപത്തഞ്ചിന്നു കൃത്യം
ഹാപ്പി ക്രിസ്മസ് മേളാങ്കം!

ഗായത്രി ഡി. എസ്
സ്റ്റാന്റേർഡ് 10

# പഠിച്ചുയരാൻ....

(ഉപന്യാസം)

ലോകത്തിന്റെ സമസ്ഥരംഗത്തും കനത്ത മത്സരം നേരിട്ടുകൊണ്ടിരിക്കുന്ന നവീന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. മത്സരം ഏറ്റവും കൂടുതൽ ബാധിച്ചിരിക്കുന്നത് വിദ്യാഭ്യാസ രംഗത്തും തൊഴിൽ രംഗത്തും ആണെന്നത് ശ്രദ്ധേയമാണ്. അതുകൊണ്ട് തന്നെ മികച്ച തൊഴിൽ നേടാൻ മികച്ച വിദ്യാഭ്യാസം കൂടിയേ തീരൂ. 'ലോകം ഒരു കുടക്കീഴിൽ' എന്ന ആശയം വേഗത്തിൽ വ്യാപിക്കുമ്പോൾ നാം മത്സരത്തിൽ കിടപിടിക്കേണ്ടിവരുന്നത് ലോകജനതയോടാണ്.


എങ്ങനെ പഠിക്കണം, എവിടെ പഠിക്കണം, എങ്ങനെ ജോലി കണ്ടെത്തണം എന്നീ  വിഷയങ്ങൾ തീർത്തും ഗൗരവത്തോടെ ചിന്തിക്കുകയും ചർച്ചചെയ്യുകയും ചെയ്യുന്നവരാണ് ഇന്നത്തെ മാതാപിതാക്കൾ. മക്കളുടെ പഠനത്തിനായി വരുമാനം ചിലവഴിക്കുന്നതിലും കേരളീയർ തന്നെയാണ് മുന്നിൽ. മാതാപിതാക്കളുടെ ലക്ഷ്യത്തിനൊത്ത് വളരാൻ കുട്ടികൾ പലപ്പോഴും നിർബന്ധിക്കപ്പെടാറുണ്ട്. എന്നാൽ ഈ മത്സരയോട്ടത്തിനിടയിലും മാനുഷിക മൂല്യങ്ങൾ കൈവിടാതിരിക്കാൻ നമുക്ക് കഴിയട്ടെ.

**അലന രാജൻ**
**സ്റ്റാന്റ്ഡേർഡ് 9**

# വായനാശീലം കുട്ടികളിൽ

(ഉപന്യാസം)

സാംസ്കാരിക ചരിത്രത്തിലെ പ്രധാനഘടകമാണ് എഴുത്തും വായനയും. വായനയുടെ ചാരുതയും അതുവഴി ലഭിക്കുന്ന ആഹ്ലാദവുമാണ് സത്യം. സമ്പത്തുകൊണ്ടും വികാരപൂർണതകൊണ്ടും ലഭിക്കുന്ന സന്തോഷം ഒരാളിലും ശാശ്വതസുഖമോ സന്തോഷമോ നൽകുന്നില്ല. എന്നാൽ വായനയിൽ നിന്ന് ഒരാൾക്ക് ലഭിക്കുന്ന ആനന്ദം ഊഷ്മളവും ഹൃദ്യവുമാണ്. ഓരോ വ്യക്തിയുടേയും സ്വഭാവരൂപവത്ക്കരണത്തെ ഏറെ സ്വാധീനിക്കുന്ന ഒന്നാണ് വായനാശീലം. ഉത്തമജീവിതം നയിക്കാൻ ഒരാളെ പ്രാപ്തനാക്കുന്നതും വായനതന്നെ.



മനസ്സിന്റെ ശരിയായ വളർച്ചയ്ക്കും നിലനിൽപ്പിനും ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് വായനാശീലം. ഒരാളിൽ സംസ്കാരത്തിന്റെ പ്രകാശം പരത്താൻ വായനപോലെ ഉതകുന്ന മറ്റൊന്നില്ല. കുട്ടികളിൽ ഒളിഞ്ഞും ഉറഞ്ഞും കിടക്കുന്ന സർഗവാസനകളെ ഉണർത്തി പരിപോഷിപ്പിക്കാൻ ഉത്തമ ഗ്രന്ഥ പാരായണത്തിനു കഴിയുന്നു. അച്ചടക്കവും കർമതന്റേടവുമുള്ള ഒരു ജനതയെ വളർത്താൻ വായനയെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഉത്തമമാർഗ്ഗമെന്ന്

ഗാന്ധിജി പ്രതിപാദിച്ചിട്ടുണ്ട്.

വായനാശീലം കുറേ പ്രായമായതിനുശേഷം തുടങ്ങേണ്ട ഒന്നാണെന്ന് ധരിക്കരുത്.നന്നേ ചെറുപ്പകാലം മുതൽതന്നേ ആരംഭിക്കണം. വിദ്യാഭ്യാസ കാലം തന്നെയാണ് വായന തുടങ്ങേണ്ട മികച്ച കാലം. പാഠപുസ്തകം പ്രാഥമികവിവരം തരുന്ന വെറും ഗ്രന്ഥം മാത്രമാണ്. കൂടുതൽ അറിയാൻ, അറിവ് നിറവാകാൻ വായന ഭക്ഷണം പോലെ ശീലമാക്കിയേ തീരൂ.

സ്നേഹം, ജീവകാരുണ്യം, ധാർമികബോധം, എന്നീ ഗുണങ്ങൾ വായനയിലൂടെ ലഭിക്കുന്നതാണ്. സംസ്കാരമുള്ള ഒരു ജനത വളരാൻ, നല്ല വായനാശീലമുള്ള കുട്ടികളെ വളർത്തേണ്ടതുണ്ട്. അതിന്റെ ഉത്തരവാദിത്വം രക്ഷകർത്താക്കൾക്കാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഡോണ തെരേസ് ആന്റണി
സ്റ്റാന്റേർഡ് 9



ഏയ്ഞ്ചൽ ടീന ഡിസിൽവ

സ്റ്റാൻ്റേർഡ് 9

# വീട്

(കവിത)

മനുഷ്യവംശത്തിനുറവിടം നീ,
സ്നേഹബന്ധഊഷ്മള വേരും നീ
ഭ്രമിയിലെ ജീവഹൃദയം നീ
കുടുംബാംഗങ്ങൾ തൻ ഒറ്റ നാദം നീ
നിന്നിലല്ലോ എല്ലാ മക്കളും സമാഗമിക്കുന്നത്.

സമാധാനത്തിന്റെ ഉത്തുംഗപടി നീ
നിൻ അഭാവം മനുഷ്യകൂട്ടായ്മതൻ
അഭാവമല്ലയോ മർത്ത്യാ....

**ആദ്രിക പ്രേം**
**സ്റ്റാന്റ്ഡേർഡ് 9**

# പണക്കൊതി ആപത്ത്

(കഥ)

നല്ല മഴക്കാലം! മഴ കോരിച്ചൊരിയുകയാണ്. അതൊന്നും വകവെയ്ക്കാതെ വഞ്ചിയൂർക്കാരായ അഞ്ചു ചങ്ങാതിമാർ ഒരു ചെറുവഞ്ചിയിൽ കയറി മഞ്ചാടിപ്പുഴയുടെ അക്കരയ്ക്ക് പോവുകയായിരുന്നു. പുഴയുടെ നടുവിലെത്തിയപ്പോൾ പെട്ടെന്ന് കാറ്റും കോളുമുണ്ടായി ശക്തമായ തിരയിലും ചുഴിയിലും പെട്ട് വഞ്ചി മുങ്ങി. പക്ഷെ അവർക്ക് ഒട്ടും പേടി തോന്നിയില്ല; അഞ്ചു പേരും നല്ല നീന്തൽക്കാരായിരുന്നു. അവർ ഒരുമിച്ചു നീന്തി എന്നാൽ ഒരാൾ മാത്രം തീരെ പിന്നിലായിരുന്നു. മറ്റുള്ളവർക്ക് പരിഭ്രമമായിരുന്നു 'എന്താണിത് ? നിനക്ക് നന്നായി നീന്താനറിയാലോ. പിന്നെ എന്താ ഇത്രയും പിന്നിലായതാ?' കൂട്ടുകാർ ഉറക്കെ വിളിച്ചു ചോദിച്ചു

“എന്റെ കൈയിൽ ആയിരം വെള്ളിരൂപ നിറച്ച ഒരു സഞ്ചിയുണ്ട് അതു ഞാൻ അരയിൽ കെട്ടിയിരിക്കുകയാണ്. അതുകൊണ്ടാണ് മുന്നോട്ട് പോകാത്തത്." അയാൾ അറിയിച്ചു. "എങ്കിലത് വേഗം അഴിച്ചു കളയൂ. ഇനിയും കാറ്റും കോളും വന്നേക്കും,അതിനു മുമ്പ് കരയ്ക്കെത്താൻ നോക്ക്."കൂട്ടുകാർ മുന്നറിയിപ്പ് നൽകി.

ആ പണക്കൊതിയൻ ഒന്നു തലകുലുക്കുക മാത്രം ചെയ്തു. ഏറെ താമസിയാതെ മറ്റു നാലു പേരും നീന്തി കര പറ്റി. അവർ തങ്ങളുടെ മറ്റേ കൂട്ടുകാരനെ തിരഞ്ഞു.'അവൻ ഇനിയും വളരെ ദൂരത്താണ്.' ഒരാൾ പറഞ്ഞു;

"എടാ മണ്ടച്ചാരെ.......! ഇതാ കാറ്റും കോളും വീണ്ടും എത്തിക്കഴിഞ്ഞു പണസഞ്ചി അഴിച്ചുകളഞ്ഞ് വേഗം കരപറ്റാൻ നോക്ക്." വീണ്ടും തലകുലുക്കുകയല്ലാതെ അയാൾ പണസഞ്ചി കൈവെടിഞ്ഞീല്ല. കാറ്റും കോളും അഴിഞ്ഞാടി! രൂപയുടെ ഭാരം കൊണ്ട് കര പറ്റാൻ കഴിയാതെ ആ മണ്ടൻ മുങ്ങിച്ചത്തു.

അവസരത്തിനൊത്ത് പ്രവർത്തിച്ചില്ലെങ്കിൽ ഏതു കേമനും ആപത്തിൽ കുടുങ്ങും.

**അശ്വതി എസ്**
**സ്റ്റാന്റേർഡ് 9**



സ്റ്റിന ജോർജ്ജ്
സ്റ്റാന്റേർഡ് 9

# വാക്ക്

(കവിത)

പറയാൻ മറന്ന വാക്ക്......
ഗതി കിട്ടാത്ത ആത്മാവിനെപ്പോലെ
മനസ്സിൽ അലഞ്ഞു നടന്നു.....
പാലപ്പൂവിന്റെ മണമുള്ള യാത്രകൾ
വീണ്ടും പടവു കളിറങ്ങി,
അവ നടന്നു തുടങ്ങി.....
മൗനം നേർത്ത ഹസ്തദാനങ്ങൾ
നൽകിക്കൊണ്ടാവഴി നീങ്ങി....
നഷ്ടമായതെന്തായിരുന്നു.....?
എൻ മന്ത്ര കളത്തിൽ
ബാക്കിയായി
ഒരിക്കലും വരാത്ത
വിരുന്നുകാരനായ
നീ നിന്റെ വാക്കുകളെ മാറ്റിവച്ച
ഇറ്റിറ്റു വീഴുന്ന രക്തത്തിൽ
ഗന്ധമിന്നും തുടരുന്നു........

അലീന ആന്റണി
സ്റ്റാന്റേർഡ് 9

# തെങ്ങിൻ തോപ്പിലെ നിധി

(കഥ)

ഒരു കർഷകന് തെങ്ങിൻ പറമ്പുണ്ടായിരുന്നു. അദ്ദേഹത്തിന് വയസ്സായി കൃഷിചെയ്യാൻ തീരെ വയ്യ. കർഷകന് രണ്ട് മക്കളാണുള്ളത്. അവർ കളിച്ചു സുഖിച്ചു നടക്കുകയാണ്. കൈയിൽ മണ്ണ് ആകുന്നത് അവർക്ക് അപമാനമാണ്. അതിനാൽ അവർ ജോലിയൊന്നും ചെയ്യാറില്ല. കർഷകൻ മരിക്കാറായി. അദ്ദേഹം തന്റെ മടിയന്മാരായ മക്കളെ അടുത്ത് വിളിച്ച് പറഞ്ഞു.



"മക്കളെ ഞാൻ പറമ്പിൽ ഒരു നിധി കുഴിച്ചിട്ടിട്ടുണ്ട് ആ നിധി എടുക്കാൻ സാധിക്കുകയാണെങ്കിൽ നിങ്ങൾ ധനികരാകും." പിതാവ് മരണമടഞ്ഞു. മക്കൾ നിധി അന്വേഷിക്കാൻ തുടങ്ങി. പറമ്പ് കിളച്ചുമറിച്ചതുകൊണ്ട് മഴ പെയ്തുണ്ടായ വെള്ളമെല്ലാം താണിറങ്ങി. തെങ്ങുകൾക്ക് പുതിയ വേരുകളെല്ലാം രൂപപ്പെട്ടു. മുൻ കൊല്ലങ്ങളിൽ കിട്ടിയിരുന്നതിന്റെ പത്തിരട്ടി തുക തേങ്ങകച്ചവടത്തിൽ നിന്ന് ലഭിച്ചു.


വിജയത്തിനുള്ള മാർഗം കഠിനാധ്വാനമാണ്. അധ്വാനശീലൻ ഫലമാസ്വദിക്കും.

**മേരി ആൻലിയ റോഡ്രിക്സ്**
**സ്റ്റാന്റേർഡ് 9**

# കളിവണ്ടി

(കഥ)

പാറി നടക്കുന്ന തുമ്പിയെപ്പോലെ രവി കളിച്ചു നടന്നു. നാലു വയസ്സുകാരൻ. ചെറിയ ഓലപ്പുരയുടെ മുറ്റത്ത് അമ്മ സൂര്യകൊന്തിച്ചെടിയും ജമന്തിയും നട്ടുപിടിപ്പിച്ചിരിക്കുന്നു. അവയിൽ നിറയെ പൂക്കൾ. വിവിധ വർണങ്ങളിലുള്ള ചിത്രശലഭങ്ങൾ  അവയിൽ നിന്ന് തേൻ നുകരുന്നു.



അരുണിന്റെ വീട്ടിൽ നിന്നാൽ മലയുടെ അടിവാരത്തിൽ നിന്ന് ബസ് ഉയരം കയറി വരുന്നതു കാണാം. "അച്ഛാ എനിക്കൊരു ബസ്സ് മേടിച്ച് തരാമോ?" അവന്റെ ആഗ്രഹം കേട്ട് അച്ഛൻ ചിരിച്ചു. "അതിനെന്താ മോൻ വലുതാവട്ടെ" ബസ്സോടിക്കുന്ന ഡ്രൈവറെ അവന് ഇഷ്ടമാണ്. എന്തെല്ലാം അയാൾക്ക് കാണാൻ പറ്റും. ഒരുനാൾ അച്ഛന്റെ ഒരു ചങ്ങാതി വീട്ടിൽ വന്നിരുന്നു. ഡ്രൈവറാണ്. പൂക്കൾ വർത്തമാനം പറയുന്ന ദിക്കിലാണത്രേ അയാൾ ബസ്സോടിച്ചു പോവുന്നത്. വലുതായാൽ തനിക്കും അവിടെ പോവണം. അരുണിന്റെ മനസ്സ് തുടിച്ചു.

മുറ്റത്തെ ചരിവിലൂടെ അവൻ ബസ്സ് വലിച്ചു അതൊരു കളിവണ്ടിയായിരുന്നു. അരുണിന്റെ മുഴുവൻ ശ്രദ്ധ അവന്റെ

ബസ്സിലായിരുന്നു.

"മോനെ ചോറുണ്ണാൻ വര്വ്വ" അമ്മ വിളിച്ചു.

"ഇല്ലമ്മേ, എനിക്ക് വിശക്കുന്നില്ല." എന്നു പറഞ്ഞ് അവൻ കളി തുടർന്നു.

വൈകുന്നേരം മഴമേഘങ്ങൾ ആകാശത്തിൽ തടിച്ചുകൂടി. അവ വല്ലാതെ മുരളുന്നുണ്ടായിരുന്നു. പിന്നെ ഓരോ തുള്ളിയായി പൊഴിയാൻ തുടങ്ങി. പിന്നെ പിന്നെ കോരിച്ചൊരിയാൻ തുടങ്ങി. അരുണിനു വല്ലാത്ത പേടി തോന്നി.

അവൻ ഓടിച്ചെന്ന് ഒരു തൂണിൽ വണ്ടി കെട്ടിയിട്ടു മഴ തോർന്ന ശേഷം വരാം എന്ന് ബസ്സിനെ പറഞ്ഞ് സമാധാനിപ്പിച്ചു. എന്നിട്ട് പുരയിൽ കയറി ഇരുന്നു.

മഴയുടെ കാഠിന്യം കുറഞ്ഞു. പെട്ടെന്നാണത് സംഭവിച്ചത്. ഉരുൾ പൊട്ടൽ..... മണ്ണും പാറകഷ്ണങ്ങളും ഉരണ്ടു വീണു.

"അരുണെ വാ".... അരുണിനെയും കൈക്കുപിടിച്ച് അച്ഛനും അമ്മയും ഓടി. അവരുടെ ഓലപ്പുരവീടിനെ തകർത്തുകൊണ്ട് വെള്ളം പോകുന്നു.....

"അമ്മേ എന്റെ വണ്ടി"..... അരുൺ നിലവിളിച്ചു.

**ജെനീഫ എസ്**
**സ്റ്റാന്റേഡേർഡ് 9**

# മായം! മായം!

(കവിത)

മായം മായം സർവ്വത്ര മായം
ഇന്നു നാം കുടിക്കും വെള്ളത്തിൽ മായം
നിത്യം നിത്യം നമ്മൾ കഴിച്ചീടും
ആഹാരത്തിൽ മായം

പാലിൽ മായം തേനിൽ മായം
പലഹാരത്തിലും മായം
മായം! മായം! നമ്മൾ ധരിക്കും
തുണിത്തരങ്ങളിലും മായം

മിന്നുന്നതെല്ലാം പൊന്നല്ലല്ലോ?
എന്നാൽ പൊന്നിലുമുണ്ട് മായം!
പാഷാണത്തിൽ പോലും മായം
ഭാഷയിലും മറിമായം




മധുരം വഴിയും മലയാളത്തിൽ
കലരുന്നുണ്ടേ മായം!
എന്തു പറയാൻ സർവ്വതുമയ്യോ
മായം

അനീന ജിബി
സ്റ്റാന്റേർഡ് 9

# കളരികൾ

(കുറിപ്പ്)

കായികവിദ്യയും ആയുധാഭ്യാസമുറകളും പരിശീലിപ്പിച്ചിരുന്ന സ്ഥാപനങ്ങളായിരുന്നു കളരികൾ. കളരി വിദ്യകൾ അഭ്യസിക്കുന്നവരെ ആശാൻ എന്നാണ് വിളിച്ചിരുന്നത്. വലിപ്പമനുസരിച്ച് കളരികളെ അഞ്ചായി തിരിച്ചിട്ടുണ്ട്.



പന്തീരടിക്കളരി,

പതിനെട്ടീരടിക്കളരി,

മുത്തീരടിക്കളരി,

നാൽപ്പത്തീരടിക്കളരി,

അമ്പത്തീരടിക്കളരി,

എന്നിവയാണവ. നിശ്ചിത അളവിൽ നീളത്തിലും വീതിയിലും ആഴത്തിൽ കുഴിയെടുത്ത് കുഴിക്കുചുറ്റും രണ്ടടി ഉയരത്തിൽ മൺചുവരുകെട്ടിയാണ് കളരി ഉണ്ടാക്കിയിരിക്കുന്നത്. കുഴിക്കളരി എന്നാണ് ഇവയ്ക്കു പറയുന്നത്.

കൂടുതൽ ചൂട് അനുഭവപ്പെടാതിരിക്കാനാണ് കുഴിച്ചുണ്ടാക്കുന്നത്. കളരിയിൽ പൂത്തറിയും ഗുരുത്തറയും ഉണ്ടായിരിക്കും.

**വർഷ പ്രേമൻ**
**സ്റ്റാന്റേർഡ് 9**

# വഴിമാറുന്ന മലയാള ഭാഷ

(ഉപന്യാസം)


മാതൃഭാഷ ഇന്ന് മരണം മന്ത്രിക്കുകയാണ്. ചരിത്രത്തോളം പഴക്കമുള്ള നമ്മുടെ ഭാഷ ചരമമടയുകയാണ്. മേഘസന്ദേശവും, താളിയോലകളും, എഴുത്തും, പത്രത്താളുകളും മറ്റും ഇന്റർനെറ്റ്, ഇ-മെയിൽ, എസ്.എം.എസ് എന്നിവയ്ക്ക് വഴിമാറുമ്പോൾ ഇംഗ്ലീഷ് ഭാഷയ്ക്ക് മുന്നിൽ മലയാള ഭാഷ അടിയറവെയ്ക്കേണ്ടതായിവരരുത്.

മലയാളം നമ്മുടെ അഭിമാനമാണ്. അത് നമ്മുടെ സംസ്കാരമാണ്. അനുഭവത്തിന്റെ, ആത്മാവിന്റെ ഭാഷയാണ് മാതൃഭാഷ. അതിനെ നിഷേധിക്കാൻ, ചവിട്ടി താഴ്ത്താൻ ആർക്കും അവകാശമില്ല. ഇന്ന് പലരും എനിക്ക് മലയാളം അറിയില്ല എന്ന് പറയുന്നു. അത് അവർക്ക് ഗമ കൂട്ടുന്ന ഒന്നായൊ ...... എന്നാൽ തെറ്റി!




മാതൃഭാഷയെക്കുറിച്ച് നമ്മുടെ കവികൾ പാടിയതും എഴുതിയതും എത്രയുണ്ട് പറയാനാണെങ്കിൽ. അതുകൊണ്ട് തന്നെ ഏത് യന്ത്രവത്കൃത ലോകത്ത് ജീവിച്ചാലും ഏത് സാങ്കേതിക വിദ്യയുടെ ചുവട്ടിൽ കിടന്നാലും മലയാള ഭാഷയേയും സംസ്കാരത്തെയും മറക്കുന്നത് പെറ്റമ്മയെ മറക്കുന്നതിന് തുല്ല്യമാണ്.

**നേഹ ജെർസൺ**
**സ്റ്റാന്റേർഡ് 9**



അതുല്യ പി. എസ്
സ്റ്റാന്റ്ഡേർഡ് 9

# മഴ

(കഥ)

രണ്ടുപേർ ഒരു യാത്ര പോവുകുകയായിരുന്നു. വഴിമദ്ധ്യത്തിൽ ഒരു മഴ! നല്ല തിളങ്ങുന്ന മഴ.ഒന്നാമൻ മഴവെടുത്തു.അവൻ സന്തോഷത്തോടെ പറഞ്ഞു; "എന്തു ഭാഗ്യവാനാണ ഞാൻ! എന്റെ മഴ നോക്കു" രണ്ടാമത്തവൻ എതിർത്തു: "എന്ത് എന്റെ മഴവെന്നൊ? നമ്മുടെ മഴ! നമ്മൾ ഒന്നിച്ച യാത്ര ചെയ്യുമ്പോഴല്ലേ മഴ കിട്ടിയത്?"



എന്നാൽ ഒന്നാമൻ സമ്മതിച്ചില്ല. ആ മഴവിന്മേൽ രണ്ടാമൻ യാതൊരു അവകാശവുമില്ല എന്നയാൽ തീർത്തു പറഞ്ഞു. രണ്ടാമൻ തർക്കത്തിനു നിന്നില്ല.അയാൾ മഴവിന്മേലുള്ള അവകാശ വാദം ഉപേക്ഷിച്ചു. അവർ യാത്ര തുടർന്നു. വഴിമദ്ധ്യേ പോലീസുക്കാർ വന്ന് ഒന്നാമനെ പിടിക്കുടി കാരണം  ആ മഴ ആരുടയൊ പക്കൽ നിന്ന് കളവ് പോയതായിരുന്നു. മോഷ്ടിച്ചത് ഒന്നാമനാണെന്നു കരുതി പോലീസുകാർ  അയാളെ പിടിച്ചു കൊണ്ടുപോയി.

നേട്ടത്തിൽ പങ്കില്ലാത്തവൻ എങ്ങനെയാണ്  കോട്ടത്തിൽ പങ്കുച്ചേരുക? രണ്ടാമൻ വീണ്ടും യാത്ര തുടർന്നു.

നമ്മുടെ നേട്ടങ്ങളിൽ കൂട്ടുകാരെ പങ്കുകാരാക്കുക. അപ്പോൾ നമ്മുടെ കോട്ടങ്ങളിൽ അവർ നമ്മെ സഹായിക്കും.

**ആതിര ജയരാജ്**
**സ്റ്റാന്റ്ഡേർഡ് 9**

# മാതൃഭാഷ

(കവിത)

ആളുവളരാൻ  മാതൃഭാഷ വേണം
നാട്ടുവളരാനും മാതൃഭാഷ വേണം
നേരറിയാനും നല്ലോണം ചൊല്ലാനും
നേരാകുമീ മാതൃഭാഷ വേണം

മാതൃഭാഷാപഠനം വളർച്ചയാണ്
അജ്ഞത ഇടർച്ചയും
മാതൃഭാഷ പഠിക്കായ്ക വളർച്ചയാണ്
ഐശ്വര്യ ജീവിതത്തിന്റെ തളർച്ചയാണ്

അന്യഭാഷകളും പരിഭാഷകളും
മാതൃഭാഷ തൻ കവർച്ചയാണ്
ഞാനെന്നും തൊഴുത് നിൽക്കും ഭാഷയാണീ
മലയാളമെന്നുള്ള എൻ പെറ്റമ്മ

മീനാക്ഷി മനോജ്
സ്റ്റാന്റ്ഡേർഡ് 9

# തെരുവിൽ എറിയപ്പെടുന്ന ജീവിതങ്ങൾ

(ഉപന്യാസം)

ഇന്നു നമ്മുടെ സമൂഹത്തിൽ കുഞ്ഞുങ്ങളെ തെരുവിൽ തള്ളുന്ന പ്രവണത വളർന്നുവരികയാണ്. അനാഥാലയങ്ങളുടെയും മതസ്ഥാപനങ്ങളുടേയും വരാന്തയിൽ ഉപേക്ഷിക്കപ്പെട്ട് ചിതറിക്കപ്പെടുന്ന ജീവിതങ്ങൾ ഏറെയാണ്. അറിഞ്ഞോ, അറിയാതെയോ ചതിയിൽപെട്ടു പോകുന്ന സ്ത്രീകൾക്ക് സംഭവിക്കുന്ന ഒരു തെറ്റിന്റെ ഭാഗമാണ് അനാഥത്വം. ഇങ്ങനെ തെരുവിലെറിയപ്പെടുന്ന  മക്കൾ മോശമായ സഹചാര്യങ്ങളിലൂടെ സഞ്ചരിച്ച് തിന്മയിലേക്ക് വഴുതിവീഴാൻ സാഹചര്യങ്ങൾ ഏറെയാണ് .

ഇന്നത്തെ സമൂഹത്തിൽ ഇത്തരം ഒരു അവസ്ഥ ഇല്ലാതാക്കാൻ നാം ഉണർന്ന് പ്രവർത്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

അതിനാൽ കുടുംബങ്ങളും മതങ്ങളും നല്ല രീതിയിൽ ബോധവത്കരണത്തോടെ ഉണരേണ്ടതുണ്ട്. തെറ്റും ശരിയും തിരിച്ചറിഞ്ഞ് ജീവിക്കുവാൻ നാം അഭ്യസിക്കേണ്ടതാണ്.

**അൽഫോൺസ ലേഹ**
**സ്റ്റാന്റ്ഡേർഡ് 9**

# എം. ടി വാസുദേവൻ നായർ

(ജീവചരിത്രം)

മലയാളത്തിലെ പ്രശസ്തനായ നോവലിസ്റ്റ്, തിരക്കഥാകൃത്ത്, ചലച്ചിത്രസംവിധായകൻ എന്നീ നിലകളിൽ പ്രശസ്തൻ. അദ്ദേഹത്തിന്റെ മിക്ക രചനകളുടേയും വിഷയം സമൂഹത്തിലെ സ്ഥിതിഗതികളാണ്. 1933 ജൂലൈ 13 ന് ജനിച്ചു. മലയാള സാഹിത്യത്തിലും ചലച്ചിത്രരംഗത്തിലും വ്യക്തിമുദ്ര പതിപ്പിച്ച ഇദ്ദേഹം എം. ടി എന്ന ചുരുക്കപ്പേരിലറിയപ്പെടുന്നു. അദ്ധ്യാപകൻ, പത്രാധിപൻ എന്നീ നിലകളിലും പ്രവർത്തിച്ച ഇദ്ദേഹത്തിന് പത്മഭൂഷൺ, ജ്ഞാനപീഠം എന്നിവയുൾപ്പടെ ഒട്ടേറെ പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്.

പ്രധാന കൃതികൾ : നോവൽ, മഞ്ഞ്, കാലം, നാലുകെട്ട്, അസുരവിത്ത്, കഥകൾ, പതനം, ബന്ധനം, വാനപ്രസ്ഥം, ദാർ-എസ്-സലാം.

സാൻഡ്ര ആൻസിൽ
സ്റ്റാന്റേർഡ് 9

# എന്റെ നാട്

(കവിത)

കേരനിരകളാൽ ശ്യാമസുന്ദരകേദാരഭൂമി
സസ്യജീവിജന്തുതൻ വാസയോഗ്യമായഭൂമി.
ദൈവത്തിൻ സ്വന്തം നാടിത് കേരളം
എന്നും ദൈവത്തിൻ പ്രിയ നാടിത്
തനിമയാർന്ന കലാവിരുതുകളും
കലാവൈഭവങ്ങളും രുചിമേളങ്ങളും
അടങ്ങിയ ഏകസുന്ദരഭൂമി .

കിഴക്ക് പശ്ചിമനിരകളാലും
പടിഞ്ഞാറ് അറബിക്കടലാലും
പ്രകൃതിതൻ സംരക്ഷണവലയത്തിനുള്ളിൽ
വിലയംകൊള്ളും ശ്യാമസുന്ദരഭൂമി
നദികൾതൻ ഫലസമൃദ്ധമായ ഈ
നാട്ടിൽ ഉള്ളം ആനന്ദനൃത്തമാടും
ഒരു പക്ഷിയെ പോലെ ഞാനും
ഇത് വീക്ഷിക്കുന്നു.

ആൻഡ്രിയ ജോയ്സ്
സ്റ്റാന്റ്ഡേർഡ് 10

# സ്നേഹം

(കവിത)

മറക്കില്ല, എന്ന് പറഞ്ഞോരൊക്കെ
മറന്നു തുടങ്ങിയിരിക്കുന്നു....
പിരിയില്ല എന്നോതിയവരൊക്കെ
അകലങ്ങളിലേക്ക്....
മാഞ്ഞുകൊണ്ടിരിക്കുന്നു.
ഒരു വിളിപ്പാടകലെ ഞാൻ ഉണ്ടായിട്ടും
ഒന്ന് വിളിക്കാതെ പലരും നടന്നകന്നു....
ഹൃദയബന്ധങ്ങൾ നിർകുമിളകൾ പോലെ
ഉടഞ്ഞു വീണു....
ഞാൻ ചിലരുടെ മനസ്സിൽ
ആരുമല്ലാതായി തീർന്നു
എങ്കിലും ഇനിയും നിലച്ചിട്ടില്ലാത്ത
എന്റെ ഈ കൊച്ചു ഹൃദയം
നിങ്ങളെ സ്നേഹിച്ചുകൊണ്ടിരിക്കുന്നു....
കാരണം....സ്നേഹത്തിന് മരണമില്ല;
എന്ന് ഞാൻ വിശ്വസിക്കുന്നു.

ജോസ്ന
സ്റ്റാന്റ്ഡേർഡ് 10

# കേരളത്തിൽ മായം

**ചേർക്കൽ വ്യാപകം**

(ഉപന്യാസം)

'വിദ്യാഭ്യാസവും വിവേകവും വർധിക്കുന്നതനുസരിച്ച് വിവരമില്ലായ്മയും വർധിക്കുന്നു' എന്ന വാക്യം അന്വർഥമാവുകയാണ് ചില ദിവസത്തെ പത്രങ്ങൾ കാണുമ്പോൾ.
നഗരങ്ങളിൽ മാത്രമല്ല; ഇപ്പോൾ ഗ്രാമങ്ങളിലും വ്യവസായിക വസ്തുക്കളിലും പച്ചക്കറികളിലും ഇന്ന് മായം ചേർക്കൽ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. നിയമത്തെ അധികാരം കൊണ്ടും സമ്പത്തുകൊണ്ടും ധിക്കരിക്കാൻ കഴിയുന്നവരാണ് മായം ചേർക്കൽ നടത്തുന്നത്.

കീടങ്ങളെ നശിപ്പിക്കാൻ ഉപയോഗിക്കുന്ന എല്ലാവിധ കീടനാശിനികളും ഭക്ഷണ വസ്തുക്കളിൽ കലരുന്നുണ്ട്. ഇതുമൂലം അതി കഠിനമായ ദോഷങ്ങൾ ശരീരത്തിനുണ്ടാകുന്നു. കരൾ,വൃക്കകൾ എന്നിവ തകരാറിലാക്കാൻ 'മാലത്തിയോൺ'- എന്ന കീടനാശിനിക്കു കഴിയും. നെയ്യിൽ മൃഗക്കൊഴുപ്പ് ചേർക്കുക, പാലിൽ പ്രത്യേകതരം പാരഫിൻ ചേർക്കുക, മരുന്നുകളിൽ ചെറിയ അളവിൽ രാസവസ്തുക്കൾ ചേർക്കുക, എന്നുവേണ്ട സകല വസ്തുക്കളിലും മായമയാണ്.

മായം ചേർക്കുന്നത് കണ്ടുപിടിക്കൻ കഴിയും. സമൂഹമധ്യത്തിൽ അവരെ കൊണ്ടുവരികയും മാത്രകാപരമായി ശിക്ഷിക്കുകയും വേണം. അളവിൽ കവിഞ്ഞ് സമ്പത്തുണ്ടാക്കാനാണ് ഇങ്ങനെ ചെയ്യുന്നത്. അത്തരം സമ്പത്ത്

കണ്ടുകെട്ടണം. പിടിച്ചുകഴിഞ്ഞാൽ ശിക്ഷ കഠിനമാകും എന്നു കണ്ടാൽ മായം ചേർക്കൽ കുറയും. ഗവ:അംഗീകൃത മുദ്രയുള്ള ഭക്ഷ്യ വസ്തുക്കൾ മാത്രമേ വാങ്ങാവൂ എന്ന് ഉപഭോക്താവ് തീരുമാനം എടുക്കണം.

മായം ചേർക്കുന്ന വസ്തുക്കളിൽ അധികമായി വീഴുന്നത് കുട്ടികളാണ്. അവരെ അതിന് പ്രേരിപ്പിക്കാതിരിക്കുകയും മുതിർന്നവർ ലാഭം നോക്കി ഇത്തരം വസ്തുക്കൾ വാങ്ങിക്കൊടുക്കാതിരിക്കുകയും ചെയ്യുക. ജനങ്ങളുടെ ഇച്ഛാശക്തിയും സർക്കാരിന്റെ കൈത്താങ്ങുമുണ്ടെങ്കിൽ മായം ചേർക്കുന്നതിൽ നിന്ന് നമ്മുടെ സമൂഹത്തെ രക്ഷിക്കാൻ നമുക്ക് കഴിയും.

സഫ മുഹമ്മദ്
സ്റ്റാന്റ്ഡേർഡ് 9

# പുഞ്ച കൊയ്ത്തേ കളം നിറഞ്ഞേ

(കവിത)



തിന്തിനിന്തോ താനിനാനോ
തിന്തിനിന്തോ താനിനാനോ
പുഞ്ചകണ്ടം തെരന്ന പെണ്ണേ
വഞ്ചി വന്നാക്കൊയ്ത്തെടുക്കാം
ആറ്റുവഞ്ചീ നീറ്റുവഞ്ചീ
ചുണ്ടൻവഞ്ചി ചുരുട്ടുവഞ്ചി
ചന്തമുള്ള ചരുപ്പൻ വഞ്ചീ
എന്റെ വഞ്ചിയൊരട്ടവഞ്ചീ
പുഞ്ചയിലെ വിത്തെറിഞ്ഞേ
കളപറിച്ചെ കെളകെളച്ചെ
കെള കയിഞ്ഞേ വളമെറഞ്ഞ്യേ
വിത്തെറിഞ്ഞേ കള പറിച്ചെ
കതിരുവന്നേ കനവുവന്നേ
നെരനെരന്നേ കതിരുവന്നേ
കതിരുവന്നേ പയുപയുത്തേ
കൊയുതെടുത്തേ മെതികയിഞ്ഞേ
പൊലിയളന്നേ പറ നെരന്നെ
പൊലിമവന്നേ പൊലരി വന്നേ
കിളികളെല്ലാം പറപറന്നേ

തളിരണിഞ്ഞേ മനം
കുളിത്തേ

**ആദിത്യ ഉണ്ണികൃഷ്ണൻ**
**സ്റ്റാന്റ്ഡേർഡ് 10**

# കേരളീയകലകൾ

(ഉപന്യാസം)

ഒരു നാടിന്റെ കണ്ണാടിയാണ് കലകൾ. ഒരു ജനസമൂഹത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ പൈതൃകത്തെ ആ നാട്ടിലെ കലകളിലൂടെയാണ് നാം അറിയുന്നത്. കാവുകളും കൈതക്കാടുകളും കണ്ണാന്തളികളും കണ്ണുതുറക്കുന്ന പുൽമേടുകളും ഉള്ള കേരളത്തിൽ നിരവധി കലാരൂപങ്ങൾ വളർന്ന് പുഷ്ടി പ്രാപിച്ചിട്ടുണ്ട്. ഏതുതരം കലാരൂപമായാലും അതിനു പിന്നിലുള്ളത് മലയാളിയുടെ സൗന്ദര്യ ബോധമാണ്. 'കലകളുടെ വിളനിലം' എന്ന് ഇവിടം സന്ദർശിക്കുന്ന ആരെക്കൊണ്ടും പറയിപ്പിക്കുവാൻ പാകത്തിൽ കലകൾ കേരളത്തിലുണ്ടെന്നാണ് സത്യം.

കേരളത്തിന്റെ കീർത്തി മറുനാട്ടിലും എത്തിച്ച മികച്ച കഥാരൂപം കഥകളി തന്നെ.കടൽകടന്ന പെരുമ മറ്റൊരു കലാരൂപത്തിനും കേരളത്തിൽ ലഭിച്ചിട്ടുമില്ല.മലയാളത്തിന്റെ ജനകീയകല ഏതെന്ന ചോദ്യത്തിന് ഒരുത്തരം മാത്രം. അതു തുള്ളൽ തന്നെ. കുഞ്ചൻ നമ്പ്യാരാണ് തുള്ളൽ എന്ന കലയുടെ പ്രണേതാവ്. തുള്ളൽ കഥാകാരൻ മൂന്നുതരം തുള്ളലുകളാണ് അവതരിപ്പിക്കുന്നത്. ഓട്ടൻതുള്ളൽ, ശീതങ്കൻതുള്ളൽ, പറയൻതുള്ളൽ എന്നിങ്ങനെ ഇവയെ വേർതിരിക്കാം. മലയാളിയുടെ തനത് നൃത്തരൂപം തന്നെയാണ് മോഹിനിയാട്ടം. അത് മോഹിപ്പിക്കുന്ന നൃത്തം തന്നെയാണ്. ഉടുത്തുകെട്ടും ഒരുക്കും ആരെയും ആകർഷിക്കും. ചാക്യാർകൂത്തും കൂടിയാട്ടവും കേരളത്തിലെ രണ്ട് പ്രധാന കലകൾ തന്നെയാണ്. ചാക്യാർകൂത്ത് കൂത്തമ്പലത്തിലാണ് അരങ്ങേറുന്നത്. ഇത് ഒരു

ക്ഷേത്രകലയാണ്. രാജാക്കൻമാരുടെ പ്രോത്സാഹനം ഈ കലയ്ക്കുണ്ടായിരുന്നു. സംസ്കൃത നാടകാഭിനയമാണ് കൂടിയാട്ടം. ഏകദേശം രണ്ടായിരം വർഷം പഴക്കം കൂടിയാട്ടത്തിനുണ്ടെന്ന് പറയുന്നു.

കേരളത്തിലെ ക്ലാസിക് സ്വഭാവമുള്ള കലകളെക്കുറിച്ചാണ് ഞാൻ ഇവിടെ പറഞ്ഞത്. നിരവധി ഗ്രാമീണകഥകളുടെ കേദാരവുമാണ് കേരളം. തെയ്യം, തിറ, വള്ളംകളി, തിരുവാതിര തുടങ്ങിയവ കേരളത്തിന് സ്വന്തമായിട്ടുണ്ട്. മാനവപരിവർത്തനത്തനുള്ള മുഖ്യ പങ്ക് ഓരോ രാജ്യത്തിനും വഹിക്കുന്നത് അവിടുത്തെ കലകൾ തന്നെയാണ്.

**ആൻ മരിയ**

**സ്റ്റാന്റ്ഡേർഡ് 10**

ചെറുപ്പത്തിൽ

പലരും ചോദിച്ചിട്ടുണ്ട്

“വലുതായിട്ട് എന്താ

ആഗ്രഹം”

വളർന്നപ്പോഴാണ് അതിന്ന ഉത്തരം

കിട്ടിയത്

“ആ ബാല്യകാലം

തിരിച്ചുകിട്ടിയാൽ

മതി.”



സ്റ്റിന ജോർജ്ജ്
സ്റ്റാന്റ്ഡേർഡ് 9

# സൗന്ദര്യമത്സരം

(കഥ)

പണ്ടൊരു പുള്ളിപ്പുലിയും ജിറാഫും തമ്മിൽ ഒരു തർക്കമുണ്ടായി .ആരാണ് കൂടുതൽ സൗന്ദര്യമുള്ളവൻ എന്നതായിരുന്നു തർക്കം.

പുള്ളിപ്പുലി പറഞ്ഞു: “പുള്ളികളുള്ള എന്റെ ശരീരം ഏറ്റവും മനോഹരമാണ്. ലോകത്തിൽ ഒരു ജീവിക്കും ഇത്രസൗന്ദര്യമില്ല.” ജിറാഫ് വിട്ടില്ല. അവൻ പറഞ്ഞു. “എന്നെപ്പോലെ ഉയരവും മിനുത്ത ശരീരവും ഭംഗിയുമുള്ള വരകളും മറ്റാർക്കാണ് ഉള്ളത് ?”

രണ്ടുപേരും സൗന്ദര്യത്തിൽ ഒന്നാം സ്ഥാനം തനിക്കാണെന്ന് വാദിക്കാൻ തുടങ്ങി. തർക്കം തീരാതെ അവർ ഇങ്ങനെ ഇരിക്കുമ്പോൾ അതുവഴി ഒരു കുറുക്കൻ വന്നു. മദ്ധ്യസ്ഥനാകാൻ അവർ കുറുക്കനെ ക്ഷണിച്ചു.

അവരുടെ തർക്കം കേട്ട കുറുക്കൻ പറഞ്ഞു “നിങ്ങൾ ഇരുവരും ഒരുപോലെ സൗന്ദര്യമുള്ളവരാണ്.അതുക്കൊണ്ട് നിങ്ങൾ തമ്മിൽ തർക്കത്തിന്റെ ആവശ്യമില്ല.ശുദ്ധമായ മനസ്സ് വർണ്ണപ്പൊലിമയുള്ള സൗന്ദര്യത്തെക്കാൾ ശ്രേഷ്ഠമാണ്.”

കേത്തിയ ഷൈലേഷ്
**സ്റ്റാന്റേർഡ് 9**

# തോരാമഴ

(കഥ)

രണ്ടുദിവസമായി മഴ തോരാതെ പെയ്യുകയാണ്. ഇപ്പോൾ മുറ്റം നിറയെവെള്ളം. ജനലഴികളിൽ വിരലോടിച്ച്, നോക്കെത്താദൂരത്തേക്ക് പരന്നുകിടക്കുന്ന നെൽവയലുകളിലേക്ക് നോക്കിനിൽക്കാൻ ഇന്ന് ഒരു രസവും തോന്നുന്നില്ല. പത്രത്തിലേക്ക്  ഒരിക്കൽക്കൂടി കണ്ണോടിച്ചു. കാമുകനോടൊപ്പം ജീവിക്കാനായി സ്വന്തം കുഞ്ഞുനെ വെട്ടിക്കൊന്ന 'ധീരയായ' ഒരു അമ്മയുടെ ചിത്രം. തൊട്ടടുത്ത് നിർഭാഗ്യവതിയായ ഒരു നാലു വയസ്സുകാരിയുടെ ചിത്രവുമുണ്ട്. ഓമനത്തം തുളുമ്പുന്ന അവളുടെ ചെറുപുഞ്ചിരിയിലേക്ക് നോക്കിനിന്നപ്പോൾ തന്റെ കണ്ണുകൾ നിറഞ്ഞൊഴുകി.

"എന്താ! നിനക്കിന്ന് സ്കൂളിൽ പോവാൻ ഭാവമില്ലേ കുട്ടി? " ശബ്ദം കേട്ട് തിരിഞ്ഞുനോക്കി. അച്ഛനെപ്പോഴാണെഴുന്നേറ്റത് ? മൂക്കിൻ തുമ്പിലേക്കു വീണകണ്ണടയ്ക്കു മുകളിലെ അച്ഛന്റെ ക്ഷീണിച്ച കണ്ണുകളിലേക്ക് നോക്കിയപ്പോൾ ഭയം തോന്നി. ഇതുപോലെ തകർത്തു പെയ്യുന്ന മഴയുള്ള ഒരു രാവിലെയാണ്, മുറ്റത്തിരമ്പിവന്നു നിന്ന ആഡംഭര കാറിന്റെ മുൻസീറ്റിലേക്ക് അമ്മ വീടുവിട്ടിറങ്ങിയത്. അന്നും അച്ഛന്റെ കണ്ണുകൾ ഇതുപോലെ ക്ഷീണിച്ച് വിളറിയിരുന്നു. വിതുമ്പിക്കരയുന്ന തന്നെ ഒന്നു

ശ്രദ്ധിക്കുകപോലും  ചെയ്യാതെ അമ്മ പോകുന്നതുകണ്ട് കരച്ചിലിന്റെ വാശി കൂട്ടുന്ന തിരക്കിലായിരുന്ന ഞാൻ. തലേന്നാളത്തെ രണ്ടുപേരുടെയും വഴക്ക് എന്തിനുവേണ്ടിയായിരുന്നുവെന്ന് ഓർത്തെടുക്കാൻ പോലും കഴിയുന്നില്ല.

തന്റെ നിറഞ്ഞൊഴുകുന്ന കണ്ണീരിൽ നിന്ന് അച്ഛൻ പത്രത്തിലെ വാർത്ത ഏറ്റുവാങ്ങി. ഒരു നിമിഷം അച്ഛൻ പതറുന്നത് ഞാൻ നോക്കി നിന്നു. പട്ടണത്തിലെ വലിയ മനോരോഗാശുപത്രിയുടെ വരാന്തയിൽ അന്നൊരിക്കൽ തന്നെയും നോക്കി നടുങ്ങിനിന്ന  അച്ഛന്റെ മുഖം പെട്ടന്നോർമ്മ വന്നു. രേവതി ടീച്ചർ മലയാള പാഠപുസ്തകത്തിലെ 'തോരാമഴ' എന്ന ഹൃദയസ്പർശിയായ കവിത എടുത്ത ദിവസമായിരുന്നു, അന്ന്. മകൾ മരിച്ച ഒരമ്മയുടെ തീരാവേദനയെക്കുറിച്ച് വിവരിക്കുന്ന ആ കവിത കുട്ടികളിൽ ഏറ്റുചൊല്ലിയത് ഇതുപോലെ, ഒരു മഴയുടെ  പശ്ചാത്തലത്തിലാണ്. കവിതയ്ക്കൊടുവിൽ മാതൃസ്നേഹത്തെ കുറിച്ച് ചർച്ചവന്നു. അമ്മമാരുടെ സ്നേഹത്തെക്കുറിച്ച് കൂട്ടുകാർ അനുഭവങ്ങൾ പങ്കുവയ്ക്കുമ്പോൾ ആടിയുലഞ്ഞ തന്റെ മനസ്സ് പാഠപുസ്തകത്തെ പുറത്തെ മഴയിലേക്ക് വലിച്ചെറിഞ്ഞ് അലറിവിളിച്ചു.... പിന്നെ ആശുപത്രിയിലെ തകർന്ന അന്തരീക്ഷത്തിൽ എത്ര ദിവസങ്ങളിൽ അച്ഛന്റെ ക്ഷീണിച്ച കണ്ണുകൾ തന്നെ ആശ്വസിപ്പിച്ചു. മരുന്നുകളുടെ കയ്പിനും, ഡോക്ടറുടെ ആശ്വാസത്തിനുമൊടുവിൽ തിരിച്ച് വീടിന്റെ പടികയറുമ്പോൾ രാത്രിമഴയ്ക്ക് വല്ലാതെ ശക്തി കൂടിയിരുന്നു.

ഇപ്പോൾ അച്ഛന്റെ കൈ പതിയെ തന്റെ ശിരസ്സിൽ തലോടാൻ തുടങ്ങിയിരിക്കുന്നു. കണ്ണുകൾ പതിയെ അടഞ്ഞു പോകുന്നുണ്ടോ? ഇന്നലെ എത്ര വൈകിയാണ് തനിക്ക് ഉറങ്ങാനായത് ! രാത്രി നീളുന്നതറിയാതെ കണക്കുപുസ്തകത്തിലെ ഉത്തരം കിട്ടാത്ത ചോദ്യങ്ങളിലൂടെ ഉഴറി നടക്കുമ്പോൾ അകത്തെ മുറിയിൽ അച്ഛന്റെ വിതുമ്പൽ കേട്ടത്. മടിയിൽ ഒരുക്കെട്ട് മരുന്നു ചീട്ടുകളുടെ ഫയലുമായി അമ്മയുടെ ഫോട്ടോയിലേക്ക് നോക്കിയിരിക്കുകയായിരുന്നു അച്ഛൻ. ഒടുവിൽ ഉറക്കത്തിലേക്ക് അച്ഛൻ പതിയെ പിൻവാങ്ങുമ്പോൾ സൂത്രത്തിൽ താൻ ആ കുറിപ്പുകളിലൂടെ കണ്ണോടിച്ചു. നിരന്തരമായ മദ്യപാനം മാരകമായ കരൾരോഗമായി തീരുന്നതിന്റെ സൂചകങ്ങളായ ആ റിപ്പോർട്ടുകൾ അടുത്തെത്തിയ മരണത്തിന്റെ മരവിപ്പുണ്ടെന്ന് താൻ വിറയലോടെയറിഞ്ഞു.

പത്രം കസേരയിലേക്കിട്ട് തന്റെ കനം തൂങ്ങുന്ന മുഖമുയർത്തി അച്ഛൻ പറഞ്ഞു തുടങ്ങി. “മോളെ, ഈ വാർത്തികത്തിലെ അമ്മയെപ്പോലെ നിന്റെ അമ്മ നിന്നോട് ക്രൂരത കാട്ടിയില്ലല്ലോ.... ഈ ഞാൻ ഇനി എത്ര നാൾ?.... നിന്റെ അമ്മയോട് ക്ഷമിക്കണേ മോളെ ....? ” ബാക്കി പറയാതെ മുറ്റത്തെ വെള്ളത്തിലേക്ക് നോക്കി നിന്ന അദ്ദേഹത്തിന്റെ വിറക്കുന്ന വിരലുകളിലൂടെ കണ്ണോടിക്കുമ്പോൾ തന്റെ മനസ്സിന്റെ കനം കുറയുന്നതറിയുന്നു. അമ്മയോടുള്ള ദേഷ്യം അലിഞ്ഞലിഞ്ഞില്ലാതാകുന്നതിന്റെ സൂചനയായി

അപ്പോഴേക്കും പുറത്ത് മഴ തോർന്നിരുന്നു.....

**ഉണ്ണിമായ**

**സ്റ്റാന്റേർഡ് 9**

# നിലാവ്

(കവിത)

നറു ചിരി വിതറാൻ
ചിരിയൊളി പകരാൻ
വിരുന്നെത്തിയിന്നും
വിണ്ണിൽ നിന്നീ വെണ്ണിലാവ്....

ഇരവിന്നിരുളിൽ
വഴിയേതെന്നറിയാതുഴലും
നേരത്തെൻ ചാരത്തായണയും
സഖിയേ.... സഖിയേ....
കണ്ണിൽ കാഴ്ചകൾ തെളിയാൻ

കനവിൽ നിറയും നിനവിൽ
കുളിരും കൂട്ടായണയും
നിലാ ഉവലഴകേ....
നിറ നിലാ കടവുമായെന്നുമെൻ
അരികിലിനി അണയുമോ സഖിയേ....

**സാദിയ ഇത്തിയാസ്**
**സ്റ്റാന്റ്ഡേർഡ് 9**

# പേപ്പട്ടികളുടെ നാട്

(കവിത)

ഭാരതനാരിതൻ ഭാവനസങ്കൽപ്പങ്ങൾ
ഭാസുരമായൊ കേരളനാടിത്.
ദൈവത്തിൻ സ്വന്തമാം കേരള നാടിന്ന്
കലികാല കേരളമായി മാറിടുന്നു.
സ്ത്രീകളെ വർണ്ണിച്ച കവിയുള്ള നാടിത്
സ്ത്രീത്വത്തിൻ മഹിമയെ വർണ്ണിച്ച നാടിത്
എങ്കിലാസ്ത്രീയിന്ന് മാററത്തടിക്കുന്നു.
പെണ്ണായിപോയതിൻ കാരണമൊന്നിയെ....
ഇടനെഞ്ചുപൊട്ടികരയുന്ന മാതൃത്വം
'മാ നിഷാദ' മുഴക്കി കരയുന്നു!
ച്ചാമിയും അമിറൂളും പൾസർസുനിമാരും
മേൽക്കുമേൽ വാഴുന്ന കേരള നാടിത്.
മാതൃത്വം തേടുന്ന നാരികൾക്കിനിയൊരു
സ്ത്രീകളെ മാനിക്കും കേരളം കാണുമോ?
എങ്കിലാ കേരള ദൃശ്യത്തിനായി ഞാൻ
വെമ്പുന്നു വിതുമ്പുന്നു കാത്തിരിക്കുന്നിതാ....

സ്ത്രീകളെ വർണ്ണിച്ച കവിയുള്ള നാടിത്
സ്ത്രീത്വത്തിൻ മഹിമയെ വർണ്ണിച്ച നാടിത്
എങ്കിലാസ്ത്രീയിന്ന് മാററത്തടിക്കുന്നു.

പെണ്ണായിപ്പോയതിൻ കാരണമൊന്നിയെ....
ഇടനെഞ്ചുപൊട്ടികരയുന്ന മാതൃത്വം
'മാ നിഷാദ' മുഴക്കി കരയുന്നു!
ച്ചാമിയും അമിറൂളും പൾസർസുനിമാരും
മേൽക്കുമേൽ വാഴുന്ന കേരള നാടിത്.
മാതൃത്വം തേടുന്ന നാരികൾക്കിനിയൊരു
സ്ത്രീകളെ മാനിക്കും കേരളം കാണുമോ?
എങ്കിലാ കേരള ദൃശ്യത്തിനായി ഞാൻ
വെമ്പുന്നു വിതുമ്പുന്നു കാത്തിരിക്കുന്നിതാ....

**സ്വർണ്ണ ട്രീസ പി. സി**
**സ്റ്റാന്റ്ഡേർഡ് 10**

# മിഴിനീർ

(കവിത)

വേദന നിറഞ്ഞ ഈ രാവിൽ
എൻ മനം കൊതിക്കുന്നു ഒന്നു കരയുവാൻ
മനസ്സിന്റെ നൊമ്പരം എത്ര മറച്ചാലും
മിഴിനീർ കണങ്ങൾ അത് വെളിപ്പെടുത്തും.



ആ മനസ്സിന് ശമനം ഏകിടാൻ
മിഴിയേ.... നീ മിഴിനീർ
പൊഴിച്ചാലും
മിഴിയിൽ നിറയും ഓരോ കണത്തിലും
മനമേ.... ഞാൻ അറിയുന്നു നിൻ നൊമ്പരം

അറിയാതെ പൊഴിയും മിഴിനീർ കണത്തിന്
മിഴിയേക്കാൾ വിലയുണ്ടെന്നറിയുന്നു ഞാൻ
മിഴിയിണകൾ നമുക്ക് ലോകത്തെ കാട്ടുമ്പോൾ
മിഴിനീരോ, മനസ്സിനെ കാട്ടുന്നു....

എമി റോസ് ടി. ജെ
സ്റ്റാന്റ്ഡേർഡ് 9

# മാഗസിന്റെ പണിപ്പുരയിൽ.....




നന്ദി..